2023
JUNE
07
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

## വായ്പ തിരിച്ചടച്ചിട്ടും ഈടുവച്ച രേഖകൾ നൽകിയില്ലെങ്കിൽ പിഴ നൽകണം

**ന്യൂഡൽഹി:** വായ്പാ തിരിച്ചടവു പൂർത്തിയാക്കിയ ശേഷം നിശ്ചിത സമയത്തിനുള്ളിൽ ബാങ്കുകൾ അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങൾ ഈടു വച്ച വസ്തുവിന്റെ രേഖകൾ മടക്കിനൽകിയില്ലെങ്കിൽ ഉപയോക്താവിന് പിഴത്തുക നൽകണമെന്ന് ശുപാർശ.

ഉപഭോക്തൃ സേവന മാനദണ്ഡങ്ങൾ മെച്ചപ്പെടുത്താനായി റിസർവ് ബാങ്ക് നിയോഗിച്ച സമിതിയുടേതാണ് ശുപാർശ. രേഖകൾ മടക്കിനൽകാൻ നിശ്ചിത സമയപരിധി റിസർവ് ബാങ്ക് നിശ്ചയിക്കണമെന്ന് ആർബിഐ മുൻ ഡപ്യൂട്ടി ഗവർണർ ബി.പി.കനൂങ്കോ അധ്യക്ഷനായ സമിതി ചൂണ്ടിക്കാട്ടി.

രേഖകൾ നഷ്ടപ്പെട്ടാൽ പുതിയ രേഖ തരപ്പെടുത്താൻ ഉപയോക്താവിനെ സഹായിക്കുന്നതിനു പുറമേ നഷ്ടപരിഹാരവും നൽകണം.

സ്വർണപ്പണയ വായ്പ നൽകുന്ന സ്ഥാപനങ്ങൾ ആദ്യം തന്നെ നോമിനിയുടെ വിവരങ്ങൾ വാങ്ങിയിരിക്കണം. വായ്പയെടുത്തയാൾ മരണപ്പെട്ടാൽ നോമിനിക്ക് നോട്ടിസ് നൽകിയ ശേഷമേ സ്വർണം ലേലം ചെയ്യാവൂ.

സ്വർണപ്പണയ വ്യവസ്ഥകൾ പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കണം. ലേലത്തിൽ അധിക തുക ലഭിച്ചാൽ പരമാവധി ഒരു മാസത്തിനുള്ളിൽ അത് ഉപയോക്താവിന് തിരികെ നൽകണം. ഇല്ലെങ്കിൽ ഇതിന്റെ പലിശയും നൽകണം.

ഉടമയുടെ മരണശേഷം, നോമിനിക്ക് ബാങ്ക് ബ്രാഞ്ചിലെത്താതെ ഓൺലൈനായി പണം ക്ലെയിം ചെയ്യാൻ അവസരം നൽകണം. 30 ദിവസത്തിനുള്ളിൽ തുക കൈമാറിയില്ലെങ്കിൽ അക്കൗണ്ടിലെ പണത്തിനു മേൽ 2% പലിശ നൽകണം.

ബാങ്കിൽ നേരിട്ടെത്തി രേഖകൾ ഹാജരാക്കണമെന്ന് ശഠിക്കുന്നത് പരമാവധി കുറയ്ക്കണം. ഉപയോക്താക്കളെ അഭിമുഖീകരിക്കുന്ന ജീവനക്കാരിൽ നിന്ന് മോശം പെരുമാറ്റമുണ്ടാകാതിരിക്കാൻ സോഫ്റ്റ് സ്കിൽ ട്രെയിനിങ് നിർബന്ധമാക്കണം.

പെൻഷൻകാർക്ക് അക്കൗണ്ടുള്ള ബ്രാഞ്ചിന്റെ ഏത് ശാഖയിലും ലൈഫ് സർട്ടിഫിക്കറ്റ് നൽകാൻ അവസരമൊരുക്കണം. തിരക്കൊഴിവാക്കാൻ പെൻഷൻകാർക്ക് ഇഷ്ടമുള്ള മാസം തിരഞ്ഞെടുക്കാൻ അനുവദിക്കണം. മുതിർന്ന പൗരന്മാർക്ക് വിവരങ്ങൾ തേടാൻ പ്രത്യേക ഫോൺ നമ്പർ.

ഒടിപി തട്ടിപ്പ് വ്യാപകമാകുന്നതിനാൽ ഫോണിലെ ഫെയ്സ്/ഫിംഗർപ്രിന്റ് സെൻസറുകൾ ഉപയോഗിച്ചും ഇടപാടുകൾക്ക് അവസരം.

കെവൈസി വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പുതുക്കാമെങ്കിലും അതിന്റെ പേരിൽ അക്കൗണ്ട് മരവിപ്പിക്കാൻ പാടില്ല.

സ്ക്രീൻ ഷെയറിങ് മാൽവെയർ വഴി തട്ടിപ്പ് നടക്കുന്നതിനാൽ ഇത്തരം ആപ്പുകൾ ഫോണിൽ പ്രവർത്തിച്ചുതുടങ്ങിയാലുടൻ പണമിടപാട് ആപ്പുകൾ തനിയെ ബ്ലാക്ക് ഔട്ട് ചെയ്യുന്ന തരത്തിൽ ക്രമീകരിക്കണം.

സൈബർ തട്ടിപ്പിനിരയായി ദേശീയ സൈബർ ക്രൈം പോർട്ടലിന് പരാതിയയച്ചാലുടൻ ബന്ധപ്പെട്ട ബാങ്കിന് സന്ദേശം ചെല്ലുകയും അതുവഴി പണം കൈമാറ്റം ചെയ്യപ്പെട്ട അക്കൗണ്ടുകൾ ഉടനടി ബ്ലോക് ചെയ്യുകയും വേണം.

# പാക്കിസ്ഥാന്റെ കടം പെരുകുന്നു

## കഴിഞ്ഞ വർഷത്തെക്കാൾ 34.1% വർധിച്ച് 58.6 ലക്ഷം കോടിയിലെത്തി

**ഇസ്‌ലാമാബാദ്:** പാക്കിസ്ഥാൻ സർക്കാറിന്റെ മൊത്ത കടത്തിൽ വീണ്ടും വർധന. കടം കഴിഞ്ഞ വർഷത്തെക്കാൾ 34.1% വർധിച്ച് 58.6 ലക്ഷം കോടിയിലെത്തിയതായി സ്റ്റേറ്റ് ബാങ്ക് ഓഫ് പാക്കിസ്ഥാൻ അറിയിച്ചു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് രാജ്യത്ത് ഈ മേയിൽ 2.6 ശതമാനം വർധനവാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.



രാജ്യത്തിന്റെ മൊത്തം കടത്തിൽ, ആഭ്യന്തര കടം 36.5 ലക്ഷം കോടിയും വിദേശകടം 22 ലക്ഷം കോടിയുമാണ്. ഒരു വർഷത്തെ കണക്കു നോക്കിയാൽ വിദേശകടത്തിലുള്ള വർധനവ് 49.1 ശതമാനമാണ്. കേന്ദ്ര ബാങ്കിന്റെ കണക്കെടുത്താൽ കഴിഞ്ഞ ഒരുമാസമായി വിദേശ കടത്തിൽ ഒരു മാറ്റവും സംഭവിച്ചിട്ടില്ല. പണം മുഴുവൻ തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണ് ഇപ്പോഴും.

ആഭ്യന്തര കടത്തിന്റെ ഭൂരിഭാഗവും സർക്കാർ ബോണ്ടുകളിലൂടെയാണ് പാക്കിസ്ഥാൻ എടുത്തിരിക്കുന്നത്. ഏകദേശം 25 ലക്ഷം കോടിയുടെ വായ്!പകളാണ് ഇത്തരത്തിൽ ബോണ്ടുകൾ ഈടാക്കി നൽകിയിരിക്കുന്നത്. ഹ്രസ്വകാല വായ്!പകൾ 7.2 ലക്ഷം കോടിയും നാഷനൽ സേവിങ് സ്കീമുകളിൽ നിന്നുൾപ്പെടെ കടമെടുത്ത മറ്റു വായ്പകൾ 2.9 ലക്ഷം കോടിയും ഉൾപ്പെടുന്നു.

അടവുശിഷ്ടം (ബാലൻസ് ഓഫ് പെയ്മെന്റ്) മെച്ചപ്പെടുത്തുന്നതിൽ രാജ്യം പെടാപ്പാട് പെടുകയാണ്. നിലവിലുള്ള വിദേശ നാണ്യ ശേഖരമുപയോഗിച്ച് ഒരു മാസത്തെ ഇറക്കുമതിത്തീരുവ പോലും അടയ്ക്കാൻ കഴിയാത്ത സാഹചര്യമാണ് രാജ്യം അഭിമുഖീകരിക്കുന്നത്. ആഭ്യന്തര കടം പെരുകുന്നത് പണപ്പെരുപ്പം ഇനിയും വർധിക്കുമെന്ന സൂചനയാണ് നൽകുന്നത്. നിലവിൽ 22 ശതമാനമാണ് രാജ്യത്തെ പലിശ നിരക്ക്. പണപ്പെരുപ്പം ഏപ്രിലിൽ വീണ്ടും വർധിച്ച് 36.4 ശതമാനത്തിലെത്തി. മാർച്ചിലിത് 35.4 ശതമാനമായിരുന്നു.

202324 സാമ്പത്തിക വർഷം 95,000 കോടി പാക്കിസ്ഥാൻ റുപീയുടെ ബജറ്റിനാണ് സർക്കാർ അംഗീകാരം നൽകിയത്. കഴിഞ്ഞ ബജറ്റിനെ അപേക്ഷിച്ച് 31 ശതമാനത്തിന്റെ വർധനവ് ഇതിലും കാണാം. രാജ്യത്തെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സർക്കാർ പദ്ധതിയിടുന്നു. അടുത്ത സാമ്പത്തിക വർഷം ജിഡിപിയിൽ 6 ശതമാനത്തിന്റെ വളർച്ചയാണ് പാക്കിസ്ഥാൻ സർക്കാർ ലക്ഷ്യമിടുന്നത്.

## വായ്പകൾ തിരിച്ചടച്ച് അദാനി

**മുംബൈ:** 21,874 കോടി രൂപയുടെ വായ്പാ തിരിച്ചടവ് പൂർത്തിയാക്കിയതായി അദാനി ഗ്രൂപ്പ്. അമേരിക്കൻ ഷോർട് സെല്ലിങ് സ്ഥാപനമായ ഹിൻഡൻബർഗ് റിപ്പോർട്ടിനെത്തുടർന്ന് തകർന്ന നിക്ഷേപകരുടെ വിശ്വാസം തിരിച്ചുപിടിക്കുന്നതിന്റെ ഭാഗമായാണ് തിരിച്ചടവ്.

ഓഹരികൾ പണയം വച്ചെടുത്ത വായ്പകളും അംബുജ സിമന്റിനെ ഏറ്റെടുക്കുന്നതിനായി എടുത്ത വായ്പാ തുകയായ 17,742 കോടി രൂപയും തിരിച്ചടച്ചതെന്നും കമ്പനി പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.





# ചുഴലിക്കാറ്റിന് സാധ്യത, മത്സ്യബന്ധനത്തിനും കടലോര ഗതാഗതത്തിനും വിലക്ക്

**തിരുവനന്തപുരം:** അറബിക്കടലിൽ ചുഴലിക്കാറ്റിന് സാധ്യതയെന്ന കേന്ദ്രകാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിനെ തുടർന്ന് ജില്ലയിലെ തീരപ്രദേശങ്ങളിലെ മത്സ്യബന്ധനത്തിനും കടലോര ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും വിലക്കേർപ്പെടുത്തി ജില്ലാ ദുരന്തനിവാരണ അതോറിറ്റി. കടൽക്ഷോഭത്തിനും ഉയർന്ന തിരമാലയ്ക്കും സാധ്യതയുള്ളതിനാൽ ഇനിയൊരറിയിപ്പുണ്ടാകുന്നതു വരെ ജില്ലയിലെ തീരദേശങ്ങളിൽ മത്സ്യബന്ധനം പാടില്ല.

നിലവിൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരെ ഏറ്റവും അടുത്ത സുരക്ഷിത തീരത്തേക്കെത്തിക്കുന്നതിന് നടപടി സ്വീകരിക്കാൻ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദേശം നൽകി. ജില്ലയിലെ കടലോര മേഖലയിലേക്കുള്ള അവശ്യ സർവീസുകളൊഴികെയുള്ള ഗതാഗതവും വിനോദസഞ്ചാരവും നിരോധിച്ചു. കടലാക്രമണം രൂക്ഷമാകുന്ന പ്രദേശങ്ങളിൽ ക്യാംപുകൾ സജ്ജമാക്കും.

മത്സ്യബന്ധനോപാധികൾ സുരക്ഷിതമാക്കാൻ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തും. ചുഴലിക്കാറ്റ് ഭീഷണി ഒഴിയുന്നതു വരെ തീരദേശമേഖലകളിൽ ഫിഷറീസ് വകുപ്പിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക കൺട്രോൾ റൂമുകൾ തയാറാക്കും.

# ഈറ്റ് റൈറ്റ് കേരള മൊബൈൽ ആപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിക്കും

**തിരുവനന്തപുരം:** സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നൂതന സംരംഭമായ ഈറ്റ് റൈറ്റ് മൊബൈൽ ആപ്പ് യാഥാർത്ഥ്യമാകുന്നു. ഈറ്റ് റൈറ്റ് കേരള എന്ന മൊബൈൽ ആപ്പിലൂടെ ഗുണനിലവാരം സൂക്ഷിക്കുന്ന ഹോട്ടലുകളുടെ വിവരവും അവയുടെ ലൊക്കേഷനും അറിയാൻ കഴിയുന്നതാണ്. നിലവിൽ 1600 ഹോട്ടലുകളാണ് വിവിധ ജില്ലകളിലായി ഹൈജീൻ റേറ്റിംഗ് പൂർത്തിയാക്കി ആപ്പിൽ സ്ഥാനം നേടിയിട്ടുള്ളത്. കൂടുതൽ സ്ഥാപനങ്ങളെ ഓഡിറ്റിംഗ് നടത്തി അതിൽ ഉൾപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഭക്ഷ്യസുരക്ഷാ നിയമത്തെക്കുറിച്ചുള്ള വിവരങ്ങളും ഈ ആപ്പിൽ ലഭ്യമാണ്. കൂടാതെ ഭക്ഷ്യ സുരക്ഷാ ഗ്രിവൻസ് പോർട്ടൽ ഈ ആപ്പിൽ ലിങ്ക് ചെയ്തിരിക്കുന്നു. അതിനാൽ ഈ ആപ്പിലൂടെ പരാതികൾ അറിയിക്കുന്നതിനും കഴിയുന്നു.

ഭക്ഷ്യ സുരക്ഷാ ബോധവത്ക്കരണ സെമിനാറിന്റേയും ഈറ്റ് കേരള മൊബൈൽ ആപ്പിന്റേയും ഉദ്ഘാടനം ലോക ഭക്ഷ്യ സുരക്ഷാ ദിനമായ ജൂൺ 7ന് രാവിലെ 10.30 മണിക്ക് മസ്കറ്റ് ഹോട്ടലിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിക്കും.

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പ് വലിയ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകളുള്ള ആദ്യ സംസ്ഥാനമാണ് കേരളം. എൻഫോഴ്സ്മെന്റ്, ട്രെയിനിംഗ്, ബോധവത്ക്കരണം എന്നിവയിലൂടെ ഭക്ഷണത്തിന്റെ നിലവാരം ഉയർത്തുന്നതിന് വേണ്ടി നിരന്തരം പ്രവർത്തിച്ച് വരുന്നു. മികച്ച പ്രവർത്തനങ്ങളിലൂടെ ഭക്ഷ്യ സുരക്ഷാ വകുപ്പ് 202223 കാലയളവിൽ 28.94 കോടി രൂപയുടെ എക്കാലത്തെയും ഉയർന്ന റെക്കോർഡ് വരുമാനം നേടി.

നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന കാമ്പയിന്റെ ഭാഗമായി ഓപ്പറേഷൻ ഷവർമ, ഓപ്പറേഷൻ മത്സ്യ, ഓപ്പറേഷൻ ജാഗറി, ഓപ്പറേഷൻ ഹോളിഡേ, ഓപ്പറേഷൻ ഓയിൽ തുടങ്ങിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. പച്ചമുട്ട കൊണ്ടുണ്ടാക്കുന്ന മയോണൈസ് നിരോധിച്ചു. ഹെൽത്ത് കാർഡ് നിർബന്ധമാക്കി. ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഹെൽത്ത് കാർഡും ശുചിത്വവും പരിശോധിക്കാൻ അനുമതി നൽകി. സ്പെഷ്യൽ ടാസ്ക് ഫോഴ്സ് (ഇന്റലിജൻസ്) രൂപീകരിച്ചു. പരാതി പരിഹാരത്തിന് ഭക്ഷ്യ സുരക്ഷാ ഗ്രിവൻസ് പോർട്ടൽ യാഥാർത്ഥ്യമാക്കി.

# കേരള ബാങ്കിന്റെ ശാഖകളിൽ നിന്ന് 21 ലക്ഷം രൂപയുടെ പണയ സ്വർണം നഷ്ടപ്പെട്ടു




**ചേർത്തല:** കേരള ബാങ്കിന്റെ ചേർത്തല നഗരത്തിലെയും സമീപപ്രദേശങ്ങളിലെയും 3 ശാഖകളിൽ നിന്നായി 21 ലക്ഷത്തോളം രൂപയുടെ പണയസ്വർണം നഷ്ടമായ സംഭവത്തിൽ ബാങ്ക് അന്വേഷണം തുടങ്ങി. സംഭവത്തിൽ ആരോപണവിധേയയായ ഉദ്യോഗസ്ഥ ഇതിനിടെ അവധിയിൽ പ്രവേശിച്ചു. ഇവരുടെ സാന്നിധ്യത്തിൽ നടന്ന സ്റ്റോക്ക് പരിശോധനയ്ക്കിടെ വിവിധ ശാഖകളിൽ നിന്നു സ്വർണം നഷ്ടമായെന്നാണു പരാതി. 3 ശാഖകളിലെ പണയ സ്വർണം നഷ്ടമായെന്നാണ് പരാതിയെങ്കിലും ആരോപണവിധേയയായ ഉദ്യോഗസ്ഥയ്ക്കു പരിശോധനാ ചുമതലയുള്ള ചേർത്തല താലൂക്കിലെ 10 ശാഖകളിലും അന്വേഷണം നടത്താൻ ബാങ്ക് അധികൃതർ തീരുമാനിച്ചു. ഇതു പൂർത്തിയാകുന്നതോടെ തട്ടിപ്പിന്റെ വ്യാപ്തി വ്യക്തമാകും.

ചേർത്തല താലൂക്കിലെ 2 ശാഖകളിൽ ഉദ്യോഗസ്ഥർ ഇന്നലെ പരിശോധന നടത്തി. ചേർത്തല നടക്കാവ് ശാഖയിൽ 4 ഇടപാടുകാരുടെ 11.6 ലക്ഷം രൂപ വിലവരുന്ന പണയ സ്വർണം നഷ്ടമായതോടെയാണു തട്ടിപ്പ് പുറത്തറിയുന്നത്. നേരത്തേ നഗരത്തിനു സമീപത്തെ മറ്റൊരു ശാഖയിൽ സമാനമായ രീതിയിൽ സ്വർണം നഷ്ടമായിരുന്നു. ഉദ്യോഗസ്ഥരും ജീവനക്കാരും ചേർന്ന് 6 ലക്ഷം രൂപ ഉടമയ്ക്കു തിരിച്ചു നൽകി പ്രശ്നം പരിഹരിച്ചു. ഇപ്പോൾ ആരോപണം നേരിടുന്ന ഉദ്യോഗസ്ഥയുടെ നിർദേശപ്രകാരമായിരുന്നു ഇത്. ഇവർ സ്റ്റോക്ക് പരിശോധിച്ച നടക്കാവ് ശാഖയിലും സ്വർണം നഷ്ടമായതോടെയാണ് ഉദ്യോഗസ്ഥ സംശയനിഴലിലായത്.

പരിശോധനയ്ക്കിടെ സ്വർണം കൈക്കലാക്കിയെന്നാണ് ആരോപണം. നടക്കാവ് ശാഖയിലെ ജീവനക്കാർ തന്നെ ബാങ്ക് അധികൃതർക്കു സംഭവത്തെക്കുറിച്ച് റിപ്പോർട്ട് നൽകി. ചോദ്യം ചെയ്യലിൽ ഇവർ കുറ്റം സമ്മതിച്ചതായും സൂചനയുണ്ട്. ഇതിനു പിന്നാലെയാണ് അവധിയിൽ പ്രവേശിച്ചത്.

ബാങ്ക് ജീവനക്കാരുടെ ഇടത് അനുകൂല സംഘടനയിൽ നിന്ന് ഇവരെ പുറത്താക്കി. അതേസമയം ലക്ഷക്കണക്കിനു രൂപയുടെ സ്വർണം നഷ്ടമായിട്ടും പൊലീസിൽ അറിയിക്കാതെ പരാതി ഒതുക്കി തീർക്കാൻ ശ്രമിക്കുന്നതിൽ ജീവനക്കാർക്കും പ്രതിഷേധമുണ്ട്.

# ഭാവി തലമുറക്കായി പ്രകൃതിയെകാക്കാൻ കൂട്ടായ പ്രവർത്തനം അനിവാര്യം മന്ത്രി എ.കെ ശശീന്ദ്രൻ

**കോഴിക്കോട്:** ഭാവി തലമുറക്കായി പ്രകൃതിയെ കാത്തുസൂക്ഷിക്കാൻ മുഴുവൻ ആളുകളുടെയും കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്ന് വനം വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ. വനം വകുപ്പ് ആരംഭിച്ച നാട്ടുമാവും തണലും പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം പാവണ്ടൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിൽ നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

പ്രകൃതിയിലെ സകല ജീവജാലങ്ങളോടും അനുകമ്പയും കരുണയും ഉണ്ടാവണം. ശുദ്ധജലം, ശുദ്ധവായു, മാലിന്യരഹിത ഭൂമി എന്നിവ കെട്ടിപ്പടുക്കണമെന്നും അദ്ദേഹം പറഞ്ഞു. കാക്കൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എം ഷാജി അധ്യക്ഷത വഹിച്ചു.

വന നശീകരണത്തിന്റെ അനന്തരഫലമായി അന്യം നിന്നുകൊണ്ടിരിക്കുന്ന നാട്ടുമാവുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായാണ് വകുപ്പ് നാട്ടുമാവും തണലും പദ്ധതിക്ക് രൂപം നൽകിയത്. പാതയോരങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലും മറ്റു പൊതുസ്ഥലങ്ങളിലും ലഭ്യമാകുന്ന ഇടങ്ങളിൽ നാട്ടുമാവിന്റെ തൈകൾ നട്ടുപിടിപ്പിക്കും.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ട്രീ ഗാർഡുകൾ സ്ഥാപിച്ച് മരങ്ങൾ സംരക്ഷിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 14 ജില്ലകളിലായി 17,000ത്തോളം നാട്ടുമാവിൻ തൈകളാണ് ഉത്പാദിപ്പിച്ചത്.

ജില്ലാപഞ്ചായത്ത് അംഗം റസിയ തോട്ടായി, ബ്ലോക്ക് പഞ്ചായത്ത് അംഗം ജ്യോത്സ്ന എസ്. വി, ഗ്രാമപഞ്ചായത്ത് അംഗം സിജി എം.പരപ്പിൽ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ.ആർ അനൂപ്, സബ് കലക്ടർ വി. ചെത്സാസിനി, ഉത്തര മേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ. എസ് ദീപ, പ്രിൻസിപ്പൽ കെ ലതിക, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഡി. ജയപ്രസാദ് സ്വാഗതവും സോഷ്യൽ ഫോറസ്ട്രി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കോൺസർവേറ്റർ ഇ. പ്രദീപ് കുമാർ നന്ദിയും പറഞ്ഞു.

## പൊതുതെളിവെടുപ്പ് ജൂൺ 21ന്

**തിരുവനന്തപുരം:** സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഉപഭോക്താക്കളുടെ അവകാശ ചട്ടം 2020, വൈദ്യുതി ഉപഭോക്താക്കളുടെ അവകാശ ഭേദഗതി ചട്ടം, 2021 എന്നിവയുമായി ബന്ധപ്പെട്ട സപ്ളൈകോഡ് 2014, സ്റ്റാൻഡേർഡ് ഓഫ് പെർഫോമൻസ് 2015, സി.ജി.ആർ.എഫ് 2005, റിന്യൂവബിൾ എനർജി 2020 റഗുലേഷൻസ് ഭേദഗതി ചെയ്യുന്നതിനുള്ള പെറ്റീഷൻ കമ്മീഷൻ മുൻപാകെ 2021 ഒക്ടോബർ 11ന് സമർപ്പിച്ചിട്ടുണ്ട്.

പെറ്റീഷൻ കമ്മീഷന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ സൗകാര്യാർത്ഥം നേരിട്ടുള്ള പൊതുതെളിവെടുപ്പ് ജൂൺ 21ന് കമ്മീഷന്റെ തിരുവനന്തപുരത്തുള്ള കോർട്ട് ഹാളിൽ രാവിലെ 11ന് നടത്തും. പൊതുതെളിവെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുത്ത് അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കാം. കൂടാതെ തപാൽ മുഖേനയും, ഇമെയിൽ (kserc@erckerala.org) മുഖേനയും അഭിപ്രായങ്ങൾ രേഖപ്പെടുത്താം.

അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻ പിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ ജൂൺ 6ന്, വൈകീട്ട് 5 വരെ സ്വീകരിക്കും എന്ന് സെക്രട്ടറി അറിയിച്ചു.

## ഗസ്റ്റ് അധ്യാപക ഒഴിവ്

**കോഴിക്കോട്:** തലശ്ശേരി ഗവ. ബ്രണ്ണൻ കോളജിൽ 202324 അധ്യയന വർഷത്തേക്ക് അറബിക് വിഷയത്തിൽ ഗസ്റ്റ് അധ്യാപകരെ ആവശ്യമുണ്ട്. കോഴിക്കോട് കോളജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്ത ബിരുദാനന്തര ബിരുദത്തിൽ 55 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയ, നെറ്റ് യോഗ്യതയുള്ള ഉദ്യോഗാർഥികൾ പ്രിൻസിപ്പൽ ചേമ്പറിൽ ജൂൺ 13നു രാവിലെ 10 മുതൽ നടക്കുന്ന ഇന്റർവ്യൂവിനു അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. നെറ്റ് യോഗ്യത ഇല്ലാത്തവരുടെ അഭാവത്തിൽ ബിരുദാനന്തര ബിരുദം ഉള്ളവരെ പരിഗണിക്കും.

## പ്രൊഡക്ഷൻ അസിസ്റ്റന്റ് പാനൽ

**തിരുവനന്തപുരം:** ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രതിവാര ടെലിവിഷൻ പരിപാടിയായ 'പ്രിയ കേരളം', റേഡിയോ പരിപാടിയായ 'ജനപഥം', ഇൻഫോ വീഡിയോകൾ എന്നിവയുടെ നിർമാണവുമായി ബന്ധപ്പെട്ട് പ്രൊഡക്ഷൻ അസിസ്റ്റന്റുമാരുടെ പാനൽ രൂപീകരിക്കുന്നു. ജേർണലിസത്തിൽ ബിരുദാനന്തര ബിരുദം/പി.ജി. ഡിപ്ലോമ, ദൃശ്യമാധ്യമ രംഗത്ത് കുറഞ്ഞത് അഞ്ച് വർഷത്തെ പ്രവൃത്തിപരിചയം എന്നിവയാണ് യോഗ്യത. പ്രായപരിധി 36 വയസ്. പീസ് വർക്ക് അടിസ്ഥാനത്തിലാണ് പ്രതിഫലം.

സി.വി. അടങ്ങിയ അപേക്ഷകൾ ജൂൺ 25നകം നേരിട്ടോ ഡയറക്ടർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, സെക്രട്ടേറിയറ്റ്1 എന്ന മേൽവിലാസത്തിലോ prdprogrammeproducer@gmail.com എന്ന ഇമെയിലിലോ ലഭിക്കണം. നേരിട്ടോ തപാലിലോ അപേക്ഷകൾ നൽകുന്നവർ കവറിന് പുറത്ത് 'പ്രിയകേരളം' പ്രൊഡക്ഷൻ അസിസ്റ്റന്റ് / കണ്ടന്റ് ഡെവലപ്പർ എന്ന് രേഖപ്പെടുത്തണം.



# മീനില്ല; ട്രോളിങ് നിരോധനം തുടങ്ങും മുൻപേ ബോട്ടുകൾ കരയിലേക്ക്

**വൈപ്പിൻ:** ട്രോളിങ് നിരോധനം തുടങ്ങുന്നതിനു മുൻപേ തന്നെ മത്സ്യബന്ധന ബോട്ടുകൾ കരയിലേക്ക്. മീൻ ലഭ്യത കുറവായതാണ് നേരത്തെ തന്നെ മടങ്ങാൻ ബോട്ടുകളെ പ്രേരിപ്പിക്കുന്നത്. ഭൂരിഭാഗം ബോട്ടുകളിലും ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളും നാട്ടിലേക്കു പോയിത്തുടങ്ങി.

വലുപ്പം കുറഞ്ഞ കിളിമീൻ, തിരിയാൻ തുടങ്ങിയ മത്സ്യങ്ങളാണ് കുറച്ചു നാളായി ലഭിക്കുന്നത്. കുറഞ്ഞ തോതിൽ ലഭിക്കുന്നതിനാൽ ഇന്ധനച്ചെലവിനുള്ള പണം പോലും ലഭിക്കാത്ത സ്ഥിതി പല ബോട്ടുകളും നേരിട്ടിരുന്നു. സാധാരണ ഗതിയിൽ ട്രോളിങ് നിരോധനത്തിനു മുൻപുള്ള ദിവസങ്ങളിൽ കഴിയുന്നത്ര മീൻ പിടിച്ചെടുത്ത് കൈനിറയെ പണവുമായി നാട്ടിലേക്കു മടങ്ങാനാണ് തൊഴിലാളികൾ ശ്രമിക്കുക. എന്നാൽ ഇത്തവണ നിരാശയിലാണ് പലരുടെയും മടക്കയാത്ര.

അതേസമയം 9 മുതൽ ജൂലൈ 31 വരെയുള്ള ട്രോളിങ് നിരോധനം ജില്ലയിൽ കർശനമായി നടപ്പാക്കാൻ ജില്ലാ ഭരണകൂടം ഒരുക്കം തുടങ്ങി. വൈപ്പിനു പുറമേ മുനമ്പത്തും ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ കലക്ടറേറ്റിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുമെന്ന് കലക്ടർ എൻ.എസ്.കെ. ഉമേഷ് അറിയിച്ചു.

കേരള തീരങ്ങളിൽ കിടക്കുന്ന ഇതര സംസ്ഥാന ബോട്ടുകൾ ട്രോളിങ് നിരോധനത്തിന് മുൻപ് തന്നെ തീരം വിട്ടു പോകുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തണം. ചെറുമത്സ്യ ബന്ധനത്തിനെതിരെ കർശന നടപടി സ്വീകരിക്കും. നിയമാനുസൃത കണ്ണി വലിപ്പമുള്ള വലകൾ മാത്രമേ മത്സ്യബന്ധനത്തിന് ഉപയോഗിക്കാൻ പാടുള്ളൂ.

മത്സ്യബന്ധന യാനങ്ങൾ ഹാർബറുകളിലേക്കും ലാൻഡിങ് സെന്ററുകളിലേക്കും പ്രവേശിക്കുമ്പോൾ സുരക്ഷിതമായ വേഗം പാലിക്കണം. സൗജന്യ റേഷൻ വിതരണത്തിന് ജില്ലാ സപ്ലൈ ഓഫിസർക്ക് നിർദേശം നൽകി. ട്രോളിങ് നിരോധന സമയത്ത് കടലിൽ പോകുമ്പോൾ മത്സ്യത്തൊഴിലാളികൾ ആധാർ കാർഡ് കയ്യിൽ കരുതണം. നിരോധന സമയത്ത് കടലിൽ പോകുന്ന വലിയ വള്ളത്തിനോടൊപ്പം ഒരു കാരിയർ വള്ളം മാത്രമേ അനുവദിക്കൂ.

സിഐഎഫ്എൻഇടി, സിഎംഎഫ്ആർഐ, സിഐആർഎഫ് എന്നീ സ്ഥാപനങ്ങളുടെ ഗവേഷണ യാനങ്ങൾക്ക് ട്രോളിങ് നിരോധന കാലയളവിൽ ഇളവ് അനുവദിക്കും.

## ഡോ. സുജാ കെ. കുന്നത്ത് നിഷ് എക്സിക്യൂട്ടീവ് ഡയറക്ടർ

തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി ഡോ. സുജ കെ. കുന്നത്തിനെ സർക്കാർ നിയമിച്ചു.

ഭിന്നശേഷി മേഖലയിൽ 24 വർഷത്തെ പ്രവൃത്തിപരിചയമുള്ള ഡോ. സുജ, നിഷ്ന്റെ ന്യൂറോ ഡെവലപ്മെന്റൽ സയൻസസ് വിഭാഗം മേധാവിയായും നിഷ്ലെ കെയുഎച്ച്എസ് കോഴ്സുകളുടെ പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചു വരികയായിരുന്നു.

# എസ് എസ് എൽ സി: മുഴുവൻ പേർക്കും പഠനാവസരം ഒരുക്കും മുഖ്യമന്ത്രി

**തിരുവനന്തപുരം:** എസ് എസ് എൽ സി പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും തുടർപഠനത്തിന് അവസരം ഒരുക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. ഹയർസെക്കന്ററി പ്രവേശനം സംബന്ധിച്ച യോഗത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വൊക്കേഷണൽ ഹയർസെക്കൻഡറി, ഐടിഐ, പൊളിടെക്നിക്ക് എന്നിവിടങ്ങളിലെ സീറ്റുകൾ കൂടി കണക്കാക്കി ഹയർസെക്കന്ററിയിൽ സീറ്റുകൾ ഉറപ്പാക്കും. ഇതിനായി കുട്ടികളുടെ എണ്ണം കുറഞ്ഞ ബാച്ചുകൾ ആവശ്യമായ ഇടങ്ങളിലേക്ക് മാറ്റി നൽകുകയും പുതിയ ബാച്ചുകൾ അനുവദിക്കുകയും ചെയ്യും. പ്രാദേശിക സന്തുലിതാവസ്ഥ നിലനിർത്തി പുതിയ ബാച്ചുകൾ അനുവദിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. യോഗത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി, പ്ലാനിങ്ങ് ബോർഡ് വൈസ് ചെയർമാൻ വി കെ രാമചന്ദ്രൻ, ചീഫ് സെക്രട്ടറി ഡോ. വി പി ജോയി, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ. എം. എബ്രഹാം, എന്നിവർ പങ്കെടുത്തു.

## എല്ലാ കോളജുകളിലും നാലു വർഷ ബിരുദ കോഴ്സുകൾ അടുത്ത അധ്യയന വർഷം മുതൽ: മന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്ത് അടുത്ത അധ്യയന വർഷം മുതൽ എല്ലാ കോളജുകളിലും നാലു വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു. സർവകലാശാലകൾക്കു കഴിയുന്ന ഇടങ്ങളിൽ ഈ വർഷം പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട കോഴ്സുകളിൽ നാലു വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുമെന്നും മന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

നാലു വർഷ ബിരുദ കോഴ്സുകൾ സംബന്ധിച്ചു കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക് തയാറാക്കി സർവകലാശാലകൾക്കു നൽകിയിട്ടുണ്ടെന്നു മന്ത്രി ചൂണ്ടിക്കാട്ടി. ഇതു പ്രകാരമാണു സർവകലാശാലകൾ കോഴ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ തയാറാക്കുക. നാലു വർഷ ബിരുദ കോഴ്സുകൾ അടുത്ത അധ്യയന വർഷം മുതൽ ആരംഭിക്കാനുള്ള തീരുമാനത്തോടെ, ഇതിന് ആവശ്യമായ അധ്യാപക പരിശീലന പ്രക്രിയ വിശദമായി പൂർത്തിയാക്കാൻ കഴിയും. സമഗ്രവും സമൂലവുമായ പരിഷ്കാര നടപടികളിലേക്കു പോകാൻ കഴിയുന്നവിധത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അന്തരീക്ഷ സൃഷ്ടി സാധ്യമാകും. സർവകലാശാലകൾക്ക് അവരവരുടെ പ്രത്യേകതകൾക്കനുസരിച്ച് കരിക്കുലം ഫ്രെയിം വർക്ക് കസ്റ്റമൈസ് ചെയ്യാനും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കോഴ്സിനും സിലബസ് തയാറാക്കുന്നതിനും അതിന് അനുസൃതമായ ലേണർ സെന്റേഡ് കാഴ്ചപ്പാടിലേക്ക് അധ്യാപകർക്കു മാറുന്നതിനും സമയം ലഭിക്കുകയും ചെയ്യും.

നൈപുണ്യ വികസനത്തിനു വലിയ പ്രാധാന്യമാണു പുതിയ കരിക്കുലം നൽകുന്നത്. നൈപുണ്യ വികസനത്തിനുള്ള സംവിധാനങ്ങൾ എല്ലാ കലാലയങ്ങളിലും ഉണ്ടാകും. ബിരുദ തലത്തിൽ മൂന്നു വർഷം പൂർത്തീകരിക്കുന്നവർക്ക് എക്സിറ്റ് പോയിന്റ് കൊടുക്കുകയും കൂടുതൽ പഠിക്കാനും ഗവേഷണത്തിനും താത്പര്യമുള്ളവർക്ക് അതിന് അവസരമൊരുക്കുകയും ചെയ്യുന്ന വിധത്തിലുമാണു നാലു വർഷ ഡിഗ്രി കോഴ്സുകൽ വിഭാവനം ചെയ്തിട്ടുള്ളത്.

## വാക്ഇൻഇന്റർവ്യൂ

**ആലപ്പുഴ:** വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ജില്ലാ വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ സഹായിക്കുന്നതിനായുള്ള മെസഞ്ചർ തസ്തികയിൽ ആലപ്പുഴ ജില്ലയിലുള്ള ഒഴിവിലേക്ക് സ്ത്രീ ഉദ്യോഗാർഥികൾക്കായി വാക്ഇൻഇന്റർവ്യൂ നടത്തും. പത്താം ക്ലാസ് പാസ് ആണ് യോഗ്യത. പ്രായം 25നും 45നും ഇടയിൽ. സമാന ജോലിയിൽ പ്രവൃത്തിപരിചയവും ജില്ലയിലുടനീളം യാത്ര ചെയ്യാനുള്ള കഴിവും അഭികാമ്യം. താത്പര്യമുള്ളവർ സ്വയം തയാറാക്കിയ അപേക്ഷ, സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, അസൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ജൂൺ 13ന് രാവിലെ 11ന് ആലപ്പുഴ ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ ഓഫീസൽ (ജെൻഡർ പാർക്കിനും ജനറൽ ആശുപത്രിക്കും സമീപം) എത്തണം. കൂടുതൽ വിവരങ്ങൾക്ക്: 04712348666.

## ബി.എസ്.സി. നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സ് പ്രവേശനം

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളജുകളിലേക്ക് 202324 വർഷം ബി.എസ്.സി. നഴ്സിംഗ്, ബി.എസ്.സി. എം.എൽ.റ്റി, ബി.എസ്.സി. പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. മെഡിക്കൽ റേഡിയോളജിക്കൽ ടെക്നോളജി, ബി.എസ്.സി. ഒപ്റ്റോമെട്രി, ബി.പി.റ്റി., ബി.എ.എസ്സ്.എൽ.പി., ബി.സി.വി.റ്റി., ബി.എസ്.സി. ഡയാലിസിസ് ടെക്നോളജി, ബി.എസ്.സി ഒക്യുപേഷണൽ തെറാപ്പി, ബി.എസ്.സി. മെഡിക്കൽ ഇമേജിംഗ് ടെക്നോളജി, ബി.എസ്.സി. മെഡിക്കൽ റേഡിയോതെറാപ്പി ടെക്നോളജി, ബി.എസ്.സി. ന്യൂറോ ടെക്നോളജി എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscetnre.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷാഫീസ് ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ശാഖ വഴിയോ ജൂൺ 7 മുതൽ ജൂൺ 30 വരെ ഒടുക്കാവുന്നതാണ്. ജനറൽ, എസ്.ഇ.ബി.സി വിഭാഗത്തിന് 800 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 400 രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 3. പ്രോസ്പെക്ടസ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.

ബി.എസ്.സി നഴ്സിംഗ്, ബി.എ.എസ്.എൽ.പി. ഒഴികെ മറ്റ് പാരാമെഡിക്കൽ കോഴ്സുകൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനം മാർക്കോടെ ജയിച്ചവർ പ്രവേശനത്തിന് അർഹരാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഓരോന്നും പ്രത്യേകം പാസായിരിക്കണം. ബി.എ.എസ്.എൽ.പി. കോഴ്സിന് ഫിസിക്സ്, കെമിസ്ട്രി, ബയോളജി/മാത്തമറ്റിക്സ്/കമ്പ്യൂട്ടർസയൻസ്/സ്റ്റാറ്റിസ്റ്റിക്സ്/ഇലക്ട്രോണിക്സ്/സൈക്കോളജി എന്നിവയ്ക്കു മൊത്തത്തിൽ50ശതമാനം മാർക്കോടെ ജയിച്ചവർ ആയിരിക്കണം. ഫിസിക്സ്, കെമിസ്ട്രി, ബയോളജി/മാത്തമറ്റിക്സ്/കമ്പ്യൂട്ടർസയൻസ്/സ്റ്റാറ്റിസ്റ്റിക്സ്/ഇലക്ട്രോണിക്സ്/സൈക്കോളജി എന്നിവയ്ക്കു മൊത്തത്തിൽ 50 ശതമാനം മാർക്കോടെ ജയിക്കണം. ഫിസിക്സ്, കെമിസ്ട്രി, ബയോളജി മാത്തമറ്റിക്സ്/കമ്പ്യൂട്ടർസയൻസ്/സ്റ്റാറ്റിസ്റ്റിക്സ്/ഇലക്ട്രോണിക്സ്/സൈക്കോളജി എന്നിവ ഓരോന്നും പ്രത്യേകം പാസാകണം.

കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷ കേരള ഹയർ സെക്കണ്ടറി പരീക്ഷക്ക് തത്തുല്യ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

അപേക്ഷാർത്ഥികൾക്ക് ഡിസംബർ 31 ന് 17 വയസ് പൂർത്തിയാകണം. ബി.എസ്.സി നഴ്സിംഗ് കോഴ്സിനുള്ള ഉയർന്ന പ്രായപരിധി 35 ആണ്. പാരാമെഡിക്കൽ കോഴ്സുകൾക്ക് സർവീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവർ ഒഴികെയുള്ളവർക്ക് ഉയർന്ന പ്രായപരിധിയില്ല. ബി.എസ്.സി., ബി.എസ്.സി.എന്നീ കോഴ്സുകളിലെ സർവീസ് ക്വോട്ടയിലേയ്ക്കുള്ള അപേക്ഷാർത്ഥികൾക്ക് 2023 ഡിസംബർ 31ന് പരമാവധി 46 വയസ്സും ആയിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 04712560363, 364.



# നിയമങ്ങൾ കർശനമാക്കിയതു കൊണ്ട് മാലിന്യ മുക്ത കേരളമാകില്ല: മന്ത്രി

**കോഴിക്കോട്:** നിയമങ്ങളും നിയന്ത്രണങ്ങളും കർശനമാക്കിയതു കൊണ്ടു മാത്രം മാലിന്യ മുക്ത കേരളം സാധ്യമാകില്ലെന്നും ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രമേ മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുകയുള്ളൂവെന്നും മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. കോർപറേഷൻ ഹരിതസഭ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഹരിതസഭകളിലൂടെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലൂടെയും രണ്ടു ലക്ഷത്തോളം പേരിലേക്ക് നേരിട്ട് സന്ദേശം എത്തിക്കാനാകും. കുടുംബശ്രീ, അയൽക്കൂട്ടം എന്നിവയുടെ സജീവ പങ്കാളിത്തമാണ് മാലിന്യ നിർമാർജന പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതെന്നും മന്ത്രി പറഞ്ഞു.മേയർ ബീന ഫിലിപ്പ് അധ്യക്ഷയായിരുന്നു. തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ, സ്ഥിരം സമിതി അധ്യക്ഷ എസ്.ജയശ്രീ, കോർപറേഷൻ സെക്രട്ടറി കെ.യു.ബിനി, ഹെൽത്ത് സൂപ്പർവൈസർ കെ.രാജീവൻ, ഡപ്യൂട്ടി മേയർ സി.പി.മുസാഫർ അഹമ്മദ്, ജോയിന്റ് സെക്രട്ടറി കെ. സോമശേഖരൻ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് ഗ്രൂപ്പ് ചർച്ച നടത്തി. റിപ്പോർട്ട് സോഷ്യൽ ഓഡിറ്റ് ടീമിനു കൈമാറി. ഹരിതകർമ സേനയെ ആദരിച്ചു. സ്ഥിരം സമിതി അംഗങ്ങളായ പി ദിവാകരൻ, പി.സി.രാജൻ, കെ.കൃഷ്ണകുമാരി, പി.കെ.നാസർ, സി.രേഖ, പാനൽ പ്രതിനിധി എം.പി.ചന്ദ്രശേഖരൻ എന്നിവരും നവകേരളം കർമപദ്ധതി, കില, ശുചിത്വ മിഷൻ എന്നിവയുടെ പ്രതിനിധികളും വിവിധ സംഘടനാ പ്രതിനിധികളും പങ്കെടുത്തു.

## കെ. ജി. റ്റി. ഇ പ്രിന്റിംഗ് ടെക്നോളജി സീറ്റൊഴിവ്

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരം (04712474720, 2467728), എറണാകുളം (04842605322), കോഴിക്കോട് (04952356591, 2723666) കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന സർക്കാർ അംഗീകാരമുള്ള ഒരു വർഷ കെജി.ടി.ഇ. പ്രീപ്രസ് ഓപ്പറേഷൻ, കെ.ജി.ടി.ഇ. പ്രസ് വർക്ക്, കെ.ജി.ടി.ഇ പോസ്റ്റ് പ്രസ്സ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷകർ എസ്.എസ്.എൽ.സി. അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി/പട്ടികവർഗം/മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി/എസ്.ഇ.ബി.സി/മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകൂല്യവുമുണ്ട്.

വിദ്യാഭ്യാസയോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്സ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ സഹിതം അതത് കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്യണം. വിശദവിവരങ്ങൾക്ക്: 04712474720, 04712467728,

# കേരള കേന്ദ്ര സർവകലാശാലയിൽ ഹോസ്റ്റലുകളുടെ ഉദ്ഘാടനം 9ന്

**പെരിയ:** കേരള കേന്ദ്ര സർവകലാശാലയിൽ വിദ്യാർഥികൾക്കായി രണ്ടു ഹോസ്റ്റലുകൾ കൂടി തുറക്കുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി 41.39 കോടി രൂപ ചെലവിൽ നിർമിച്ച ഹോസ്റ്റലുകളുടെ ഉദ്ഘാടനം 9ന് 10.30ന് കേന്ദ്രമന്ത്രി ജോൺ ബർല നിർവഹിക്കും. വൈസ് ചാൻസലർ പ്രഫ. എച്ച്.വെങ്കടേശ്വർലു അധ്യക്ഷത വഹിക്കും.

അമരാവതി, മധുവാഹിനി എന്നീ പേരുകളിലുള്ള ഹോസ്റ്റലുകൾക്ക് 5 നിലകളാണുള്ളത്. കേന്ദ്ര ന്യൂനപക്ഷ വകുപ്പ് നൽകിയ 19.13 കോടി ചെലവിലാണു പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമിച്ചത്. ഇവിടെ 200 വിദ്യാർഥികൾക്കു താമസിക്കാം. 22.26 കോടി രൂപ ചെലവിൽ നിർമിച്ച ആൺകുട്ടികളുടെ ഹോസ്റ്റലിൽ 300 പേർക്കു താമസിക്കാം. കേന്ദ്ര ന്യൂനപക്ഷ, സാമൂഹ്യ നീതി വകുപ്പുകളാണ് പണം നൽകിയത്.



# 10 ലക്ഷം രൂപ പാഴായി, പുല്ലാഞ്ഞി കൃഷി പരാജയം

**ബദിയടുക്ക:** മാടത്തടുക്ക കൊറഗ കോളനിയിൽ നടപ്പിലാക്കിയ പുല്ലാഞ്ഞി കൃഷി പരാജയം. 10 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കി പദ്ധതിയാണ് പാഴായത്. ഇത് പരാജയപ്പെട്ടതോടെ മുള കൊണ്ട് കരകൗശല നിർമാണത്തിനു പരിശീലനം നൽകിയെന്നു ജില്ലാ പട്ടികവർഗ വികസന വകുപ്പ് അധികൃതർ. പട്ടിക വർഗ വിഭാഗമായ കൊറഗരുടെ ഉപജീവനമാർഗമായ കൊട്ട യുണ്ടാക്കുന്നതിനു ആവശ്യമുള്ള പുല്ലാഞ്ഞി, കോളനിയിൽ തന്നെ വളർത്തുന്നതിനാണു 2018ൽ മാടത്തടുക്ക കൊറഗ കോളനിയിൽ പുല്ലാഞ്ഞി നഴ്സറി തുടങ്ങിയത്. കർണാടകയിൽ നിന്നു പുല്ലാഞ്ഞി തൈകൾ കൊണ്ടുവന്നു കോളനിയിൽവച്ചുപിടിപ്പിക്കുന്നതിനു കുഴിയെടുക്കുകയും ഇരുമ്പ് തൂൺ നാട്ടി വള്ളി പടർത്തി കൊട്ടമെടഞ്ഞ് വിൽപന നടത്താനായിരുന്നു പദ്ധതി. ജില്ലാ കലക്ടർ ഡി.സജിത്ത് ബാബുവാണ്



പദ്ധതി നടപ്പിലാക്കിയത്.

എച്ച്എല്ലിന്റെ സിഎസ്ആർ ഫണ്ടിൽ നിന്നു 10 ലക്ഷം രൂപ ചെലവിട്ടാണ് പദ്ധതി തുടങ്ങിയത്. കൊട്ടമെടയുന്നതിനും പരിശീലനത്തിനും വിപണനത്തിനുമായി 6 ലക്ഷം രൂപയുടെ കെട്ടിടവും പണിതിരുന്നു. കാലാവസ്ഥ അനുയോജ്യമല്ലാത്തതിനാൽ 4 മാസങ്ങൾക്കകം തൈകൾ നശിച്ചു. കുഴികളും ഇരുമ്പ് തൂണുകൾ മാത്രം ബാക്കിയായി. കാടുകളിലെ പ്രകൃതിക്ക് അനുസരിച്ചു വളരുന്ന പുല്ലാഞ്ഞി ഇവിടെ വളരാത്ത സ്ഥിതിയായിരുന്നു.പുല്ലാഞ്ഞി വളർന്നു വെട്ടാൻ പാകമാകണമെങ്കിൽ 25 വർഷമെങ്കിലും വേണമെന്ന് കൃഷി വകുപ്പ് അധികൃതർ പറയുന്നു. വളർന്നാൽ തന്നെ കോളനിയിലെ ഈ തലമുറയ്ക്ക് ഇതിന്റെ പ്രയോജനം ലഭിക്കില്ല.

കോളനി നിവാസികൾ കോളനിക്ക് പുറത്ത് പോയി കാട്ടുവള്ളികൾ കൊണ്ടുവന്നാണ് കൊട്ടമെടയുന്നത്.കൊട്ടമെടയുന്നതിനു വേണ്ട കാട്ടുവള്ളികൾ കിലോമീറ്റർ നടന്നു സ്വകാര്യ ഭൂമിയിൽ നിന്നും കർണാടകയിലെ സുള്ള്യയിലെ വനത്തിൽ നിന്നുമാണ് കൊണ്ടുവരുന്നത്. കോളനികളിൽ നിന്ന് രാവിലെ ഇറങ്ങി ഉച്ചയോടെയാണ് ഇവർ കാട്ടുവള്ളികൾ ശേഖരിച്ചെത്തുന്നത്. വരുന്ന വഴിയിൽ മരത്തിനടിയിലും ഒഴിഞ്ഞ കെട്ടിടങ്ങളിലും പാതയോരത്തും ഇവർ കൊട്ട മെടയും. ഇത് അതതു സ്ഥലങ്ങളിൽ വിൽപന നടത്തിയാണ് കോളനിയിലേക്ക് പോകുന്നതാണ് ഇവരുടെ രീതി.

# ഹൃദ്യം പദ്ധതി കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കും: മന്ത്രി വീണാ ജോർജ്

## കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നാലംഗ സമിതി

**തിരുവനന്തപുരം:**കൂടുതൽ കുഞ്ഞുങ്ങൾക്ക് സഹായകരമായ വിധം ഹൃദ്യം പദ്ധതി കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രി, കോട്ടയം മെഡിക്കൽ കോളജ് എന്നിവിടങ്ങളിലാണ് നിലവിൽ കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ നടത്തുന്നത്. കോഴിക്കോട് മെഡിക്കൽ കോളജ്, എറണാകുളം ജനറൽ ആശുപത്രി ഉൾപ്പെടെ കൂടുതൽ ആശുപത്രികളിൽ കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ നടത്താനുള്ള സംവിധാനമൊരുക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഹൃദ്യം പദ്ധതിയുടെ അവലോകന യോഗത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നാലംഗ വിദഗ്ധ സമിതി രൂപീകരിച്ചു. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി സൂപ്രണ്ടും പ്രശസ്ത്ര ഹൃദയ ശസ്ത്രക്രിയ വിദഗ്ധനുമായ ഡോ. ജയകുമാർ, എസ്.എ.ടി. ആശുപത്രി പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി ഡോ. ലക്ഷ്മി, കോഴിക്കോട് മെഡിക്കൽ കോളജിലെ ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. രാജേഷ്, ഹൃദ്യം നോഡൽ ഓഫീസർ ഡോ. രാഹുൽ എന്നിവരാണ് വിദഗ്ധ സമിതിയിലുള്ളത്. കുടുതൽ ആശുപത്രികളിൽ കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ സൗകര്യം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് വിദഗ്ധ സമിതി പരിശോധിക്കും. ഗർഭാവസ്ഥയിൽ ഹൃദ്രോഗ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഫീറ്റൽ സർജറി ഉൾപ്പെടെ നടത്തുന്നതിനുമുള്ള സാധ്യതകളും സമിതി പരിശോധിക്കും.കേരളത്തിലെ ശിശുമരണനിരക്ക് കുറക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നവജാത ശിശുക്കൾ മുതൽ 18 വയസുവരെയുള്ള കുട്ടികൾക്ക് സഹായകമാകും വിധമാണ് ഹൃദ്യം പദ്ധതിയ്ക്ക് ആരോഗ്യ വകുപ്പ് രൂപം നൽകിയിട്ടുള്ളത്. പദ്ധതിയിലൂടെ ഇതുവരെ 5,897 കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്താനായി. ഈ വർഷം ഇതുവരെ 446 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തി. ഈ പദ്ധതിയിലൂടെ സർക്കാർ, സ്വകാര്യ ആശുപത്രികൾ വഴി സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തി കുഞ്ഞുങ്ങളെ രക്ഷിച്ചെടുക്കാനാകും. ഹൃദ്യത്തിലൂടെ ഹൃദ്രോഗ ചികിത്സ തേടിയ കുഞ്ഞുങ്ങൾക്ക് തുടർചികിത്സയും സർക്കാർ ഉറപ്പാക്കി വരുന്നു. ഇത്തരം കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്കും വികാസത്തിനും പിന്തുണ നൽകുന്ന തുടർപിന്തുണാ പദ്ധതി ആരംഭിച്ചിട്ടുണ്ട്.



# കൊച്ചിയിലെ കാനകൾ വൃത്തിയാക്കാൻ ഇനി അത്യാധുനിക യന്ത്രവത്കൃത സംവിധാനം

**കൊച്ചി:** കൊച്ചി നഗരത്തിലെ കാനകൾ വൃത്തിയാക്കുവാൻ ഇനി മുതൽ യന്ത്രവത്കൃത സംവിധാനം. 10000 ലിറ്റർ കപ്പാസിറ്റിയുള്ള സക്ഷൻ കം ജെറ്റിംഗ് മെഷീനാണ് കൊച്ചി നഗരസഭ ഇതിനായി വാങ്ങിയത്. കേരളത്തിൽ ആദ്യമായാണ് ഈ അത്യാധുനിക ഉപകരണം രംഗത്തിറക്കുന്നത്. വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് മെഷീൻ ഫ് ളാഗ് ഓഫ് ചെയ്തു. കാനകളുടെ ഒരു ഭാഗത്തുകൂടെ യന്ത്ര സഹായത്തോടെ 100 മീറ്ററോളം ദൂരത്തിൽ കാന വൃത്തിയാക്കുവാൻ സാധിക്കുമെന്നതാണ് ഈ മെഷിന്റെ പ്രത്യേകത. കാനകളിലെ ചെളി ഉൾപ്പെടെ വലിച്ചെടുത്ത്, ആയതിൽ നിന്നും വെള്ളം വേർതിരിച്ചെടുത്ത് ആ വെള്ളം ഉൾപ്പെടെ ശക്തിയായി പമ്പ് ചെയ്ത് കാനകളിലെ തടസ്സങ്ങൾ നീക്കുന്നതാണ് ഈ മെഷീന്റെ പ്രവർത്തന രീതി. സ്ലാബുകൾ ഇളക്കി മാറ്റുമ്പോൾ നടപ്പാതയിലെ ടൈലുകൾ പൊളിയുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾക്കും ഇതൊരു പരിഹാരമാകും.തമിഴ്നാട് സർക്കാരും ചെന്നൈ മുനിസിപ്പൽ കോർപ്പറേഷനുമാണ് ദക്ഷിണേന്ത്യയിൽ ആദ്യമായി ഈ മെഷീൻ പരിചയപ്പെടുത്തുന്നത്. ചെന്നൈ നഗരത്തിലെ വെള്ളക്കെട്ട് നിവാരണത്തിന് ഏറെ സഹായകമായ ഈ ഉപകരണത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ചെന്നൈ സന്ദർശിക്കുവാൻ കൊച്ചി നഗരസഭ സെക്രട്ടറിയെയും, ഇറിഗേഷൻവകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറെയും, നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീറെയും ചുമതലപ്പെടുത്തിയിരുന്നു. ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കൊച്ചിയിലെ സാഹചര്യത്തിലും ഈ സംവിധാനം പ്രയോജനപ്പെടുമെന്ന് മനസ്സിലാക്കി ഈ മെഷീൻ വാങ്ങുവാൻ തീരുമാനിച്ചത്. 4.7 കോടി രൂപയാണ് ഇതിന്റെ വില. തുടർന്നുള്ള ഓപ്പറേഷനും മെയിന്റനൻസും ഇതേ കമ്പനി തന്നെയാകും നിർവ്വഹിക്കുക.ഇതൊടൊപ്പം തോടുകൾ വൃത്തിയാക്കുന്നതിനുള്ള റോബോട്ടിക് എക്സ്കവേറ്റർ കൂടി നഗരസഭ രംഗത്തിറക്കിയിട്ടുണ്ട്. സൈഡ് റോഡുകൾ ഇല്ലാത്ത തോടുകൾ ജെ.സി.ബി.യും ഹിറ്റാച്ചിയും പോലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് വൃത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യം നേരിടുന്നുണ്ട്. സൈഡ് റോഡുകളില്ലാത്ത തോടുകളിലെ ചെളിനീക്കത്തിന് റോബോട്ടിക് എക്സ്കവേറ്റർ ഏറെ സഹായകമാകും.കൊച്ചിയിലെ വെള്ളക്കെട്ട് നിവാരണത്തിനായി കൊച്ചി മേയറുടെ അഭ്യർത്ഥന പ്രകാരം ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത മീറ്റിംഗിലാണ് മെഷീനുകൾ ലഭ്യമാക്കുന്നതിന് സർക്കാർ പണം മുടക്കാമെന്ന് തീരുമാനിച്ചത്. ഇതേ തുടർന്നാണ് 4.7 കോടി രൂപ ചെലവിൽ സക്ഷൻ കം ജെറ്റിംഗ് മെഷീൻ നഗരസഭ സ്വന്തമായി വാങ്ങുന്നത്. 6.6 കോടി രൂപ വിലവരുന്ന റോബോട്ടിക് എക്സ്കവേറ്റർ വാടക നൽകിയാകും നിലവിൽ നഗരസഭ ഉപയോഗിക്കുക. തുടർന്ന് ഈ മെഷീനും നഗരസഭയ്ക്ക് സർക്കാർ വാങ്ങി നൽകും. 365 ദിവസവും ഈ രണ്ട് മെഷീനുകളും പ്രവർത്തന സജ്ജമായിരിക്കും.ഈ രണ്ട് മെഷീനുകൾക്ക് പുറമെ സ്വീവേജ് ലൈനിലെ മാൻഹോളുകൾ വൃത്തിയാക്കുന്നതിനുള്ള ബാൻഡിക്യൂട്ട് എന്ന റോബോട്ടും കഴിഞ്ഞ ദിവസം നഗരസഭ രംഗത്തിറക്കിയിരുന്നു. നഗരത്തിലെ വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങൾക്ക് ഏറ്റവും പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കുവാനാണ് കൊച്ചി നഗരസഭ തയ്യാറെടുക്കുന്നത്.



# കെൽട്രോൺ: സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ എറണാകുളം സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ കംപ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്ക് മെയ്ന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളജി എന്ന കോഴ്സിലേക്ക് ഒഴിവുള്ള സീറ്റുകളിൽ സ്പോട്ട് അഡ്മിഷൻ ആരംഭിച്ചു. അവസാന തിയതി ജൂൺ 20. പ്രായപരിധിയില്ല. വിദ്യാഭ്യാസയോഗ്യത: പ്ലസ് ടുകൂടുതൽ വിവരങ്ങൾക്ക് 04842971400, 8590605259 എന്ന ഫോൺനമ്പറിലോ, ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളേജ് സെന്റർ, കലൂർ, എറണാകുളം082017 എന്ന വിലാസത്തിലോ ബന്ധപ്പെടുക.

# വെള്ളക്കെട്ട്: കൺട്രോൾ റൂം ആരംഭിച്ചു

**കൊച്ചി:**കൊച്ചി നഗരത്തിൽ മഴക്കാലത്തുാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന മൺസൂൺ കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചു. 04842795710, 0484 2795711 എന്നീ നമ്പറുകളിൽ പൊതുജനങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ്.

# പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിന് ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള വാഴക്കുളം ഐ.സി.ഡി.എസ് പ്രോജെക്റ്റിനു കീഴിലുള്ള 122 അങ്കണവാടികളിലേക്ക് 202223 സാമ്പത്തിക വർഷത്തിലെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിനായി നിബന്ധനകൾക്ക് വിധേയമായി ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ വൈകിട്ട് 5 വരെ വാഴക്കുളം ഓഫിസ് കോമ്പൗിൽ പ്രവർത്തിക്കുന്ന ശിശുവികസനപദ്ധതി ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ : 0484 2677209, 9387122950. ടെൻഡർ സ്വീകരിക്കുന്ന അവസാന തിയതി ജൂൺ 21.

# അഡ്വാൻസ്ഡ് ഷോർട്ട് ടൈം കോഴ്സുകളിൽ സീറ്റ് ഒഴിവ്

**കൊച്ചി:** എ.വി.ടി.എസ് ഗവ: അഡ്വാൻസ്ഡ് ഷോർട്ട് ടൈം കോഴ്സുകളിൽ ഏതാനും സീറ്റിലേക്ക് അപേക്ഷകൾ ക്ഷണിച്ചു.ഇലക്ട്രിക്കൽ മെയിന്റനൻസ്, ഡൊമസ്റ്റിക് അപ്ലയൻസസ് മെയിന്റനൻസ്, ടൂൾ ആന്റ് ഡെ മേക്കിംഗ്, ഓട്ടോ കാഡ് ആൻഡ് 3ഡിഎസ് മാക്സ് (autoCAD and 3ds max) (കമ്പ്യൂട്ടർ എയ്ഡഡ് ഡ്രാഫ്റ്റിംഗ്), അഡ്വാൻസ്ഡ് വെൽഡിംഗ് എന്നീ കോഴ്സുകളിൽ ഒഴിവുള്ള ഏതാനും സീറ്റിലേക്കാണ് അപേക്ഷകൾ സ്വീകരിക്കുന്നത്.അപേക്ഷകൾ ഐ.ടി.ഐ കളമശ്ശേരി ക്യാമ്പസിൽ പ്രവർത്തിക്കുന്ന എ.വി.ടി.എസിൽ നേരിട്ട് നൽകാം. ഐ.ടി.ഐ ട്രേഡുകൾ (എൻ.ടി.സി ) പാസായവർക്കോ, ഡിപ്ലോമ/ഡിഗ്രിയുള്ളവർക്കോ, മൂന്ന് വർഷത്തെ പ്രാക്ടിക്കൽ പ്രവൃത്തിപരിചയമുള്ളവർക്ക് സ്പോൺസർഷിപ്പോടു കൂടിയോ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 04842557275, 9847964698 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക.

# ഏകദിന ക്രാവ് മാഗ ശിൽപശാല

**കൊച്ചി:** അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നേതൃത്വത്തിൽ ഏകദിന ക്രാവ് മാഗ ശില്പശാല സംഘടിപ്പിക്കുന്നു. കളമശ്ശേരി ഗവൺമെന്റ് മെഡിക്കൽ കോളേജിന് എതിർവശത്തുള്ള കമ്മ്യൂണിറ്റിസ്കിൽ പാർക്കിൽ ജൂൺ 10ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെയാണ് ശില്പശാല. ദൈനംദിന സാഹചര്യങ്ങളിൽ ഫലപ്രദമായി സ്വയം പരിരക്ഷിക്കുന്നതിന് ആവശ്യമായ കഴിവുകളും മാനസികാവസ്ഥയും സജ്ജമാക്കുന്നതിനു വേിയുള്ള സ്വയം പ്രതിരോധ പരിശീലന പരിപാടിയാണ് ക്രാവ് മാഗ. കൊച്ചിയിലെ പ്രമുഖ ക്രാവ് മാഗ പരിശീലകൻ ദീപക് അലക്സാർക്ലാസ്സ് നയിക്കും. രജിസ്ട്രേഷനായി 9495219570 എന്ന നമ്പറിൽവാട്ട്സ്ആപ്പ് ചെയ്യുക.

# 'എലിവേറ്റ്' പുറത്തിറക്കി ഹോണ്ട




**ഡൽഹി:** ഇന്ത്യയിലെ ഏറ്റവും മുൻ നിരയിലുള്ള പ്രീമിയം കാർ നിർമ്മാതാക്കളായ ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡ് (എച്ച് സി ഐ എൽ) പുതിയ ഗ്ലോബൽ എസ്യുവി ഹോണ്ട എലിവേറ്റ് പുറത്തിറക്കി. ഈ വർഷത്തെ ഉത്സവ സീസണിൽ പുറത്തിറക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ മോഡൽ ആദ്യമായി ഉൽപ്പാദിപ്പിക്കുന്നതും വിൽക്കുന്നതും ഇന്ത്യയിലായിരിക്കും എന്ന് മാത്രമല്ല, ആഗോള തലത്തിൽ തന്നെ ഈ പുതുപുത്തൻ എലിവേറ്റ് ഇന്ത്യയിലായിരിക്കും ആദ്യമായി പുറത്തിറക്കുന്നതെന്ന് ഇന്ത്യയിൽ നടന്ന ആഗോള തലത്തിൽ കാർ പുറത്തിറക്കുന്നതിന്റെ ഭാഗമായി നടന്ന ചടങ്ങിൽ സംസാരിക്കവെ ഹോണ്ട മോട്ടോർ കമ്പനി ലിമിറ്റഡിന്റെ റീജിയണൽ യൂണിറ്റ് (ഏഷ്യ, ഓഷ്യാനിയ) തലവനും ഏഷ്യൻ ഹോണ്ട മോട്ടോർ കമ്പനി ലിമിറ്റഡിന്റെ പ്രസിഡന്റും സി ഇ ഒ യുമായ ടോഷിയോ കുവഹാര പറഞ്ഞു, പുതിയ മോഡൽ ലോകത്തിലെ മറ്റ് ഭാഗങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന മുഖ്യ കേന്ദ്രമാക്കി ഇന്ത്യയെ മാറ്റുവാനും കമ്പനി ലക്ഷ്യമിടുന്നു.ഇടത്തരം വലിപ്പത്തിലുള്ള എസ്യുവി ആയ എലിവേറ്റ് ശക്തവും പൗരുഷം നിറഞ്ഞതുമായ പുറംഭാഗ രൂപകൽപ്പനയും അതോടൊപ്പം ആകർഷണീയമായ മുൻഭാഗവും തെളിഞ്ഞു കാണുന്ന ക്യാരക്റ്റർ ലൈനുകളും അനുപമമായ പിൻഭാഗ രൂപകൽപ്പനയും അതിശക്തമായ റോഡ് സാന്നിദ്ധ്യവും നൽകുന്നു. കാറിന്റെ മുൻഭാഗത്ത് ഹോണ്ടയുടെ സ്വന്തം ശൈലിയിലുള്ള ഗ്രില്ലും അതോടൊപ്പം തന്നെ അതിന് ഭംഗിയേകുന്ന തരത്തിലുള്ള സ്ലീക്ക് എൽ ഇ ഡി ഹെഡ് ലൈറ്റുകളും നൽകിയിരിക്കുന്നു. അതേസമയം കാറിന്റെ ഇരുവശങ്ങളിലും സ്പോർട്ടി സ്വഭാവം എടുത്തു കാണിക്കുന്ന തരത്തിലുള്ള പ്രത്യേകതകൾക്ക് ഊന്നൽ നൽകിയിരിക്കുന്നു. പിൻഭാഗത്ത് തീർത്തും വ്യത്യസ്തമായ ശൈലിയിലുള്ള ടെയിൽഗെയ്റ്റ് രൂപകൽപ്പനയും എൽ ഇ ഡി ലൈറ്റുകളും എടുത്തു നിൽക്കുന്നു.തായ്ലൻഡിൽ സ്ഥിതി ചെയ്യുന്ന ഹോണ്ടയുടെ ആർ&ഡി ഏഷ്യാ പസഫിക് സെന്ററിലാണ് ഈ പുതിയ എലിവേറ്റ് വികസിപ്പിച്ചെടുത്തിട്ടുള്ളത്.ലോകത്തെ മൂന്നാമത്തെ ഏറ്റവും വലിയ വാഹന വിപണിയാണ് ഇന്ത്യ. ഓരോ വർഷം കൂടുന്തോറും ഇന്ത്യയിൽ നിന്നും ആഗോള തലത്തിൽ നിരവധി മേഖലകളിലേക്കുള്ള കയറ്റുമതി വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. 2050 ആകുമ്പോഴേക്കും വിഷവാതകങ്ങളൊന്നും തന്നെ പുറത്ത് വിടാത്ത, വാഹന അപകടങ്ങളിലൂടെ മരണങ്ങളൊന്നും സംഭവിക്കാത്ത തലത്തിലേക്ക് തങ്ങളുടെ മോട്ടോർ സൈക്കിളുകളും മറ്റ് വാഹനങ്ങളും മാറണമെന്ന് ലക്ഷ്യമിടുന്നു. ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യ ഉൾപ്പെടെ ആഗോള തലത്തിൽ 2040 ആകുമ്പോഴേക്കും ബാറ്ററി ഇലക്ട്രിക് വെഹിക്കിളുകളുടേയും ഫ്യുവൽ സെൽ ഇലക്ട്രിക് വെഹിക്കിളുകളുടേയും വിൽപ്പന 100% ആക്കി ഉയർത്തുവാൻ ഹോണ്ട ലക്ഷ്യമിടുകയാണെന്നും അദ്ദേഹം പറഞ്ഞു.പുതുപുത്തൻ എലിവേറ്റ് പുറത്തിറക്കിയതിലൂടെ ഇന്ത്യയിലെ കുതിച്ചുയരുന്ന എസ്യുവി മേഖലയിൽ ഹോണ്ടയുടെ ശക്തമായ ഉൽപ്പന്ന വാഗ്ദാനങ്ങളിലൂടെ ഒരു പുതിയ യാത്ര ആരംഭിച്ചിരിക്കുകയാണ് ഞങ്ങൾ എന്ന് ഹോണ്ട കാർസ് ഇന്ത്യാ ലിമിറ്റഡിന്റെ പ്രസിഡന്റും സി ഇ ഒ യുമായ ടക്കുയ സുമുറ പറഞ്ഞു.2030ഓടു കൂടി ഹോണ്ട ഇന്ത്യയിൽ പുറത്തിറക്കാൻ പോകുന്ന 5 പുതിയ എസ്യുവി കളിൽ ആദ്യത്തെ മോഡലാണ് എലിവേറ്റ്.ഹോണ്ടയുടെ ആദ്യത്തെ ബാറ്ററി ഇലക്ട്രിക് വെഹിക്കിൾ (ബി ഇ വി) അടുത്ത 3 വർഷത്തിനുള്ളിൽ ഇന്ത്യയിൽ പുറത്തിറക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# '18+ 'പ്രദർശനത്തിന്




**കൊച്ചി:** യുവതാരംനസ്ലിൻ ആദ്യമായി നായകനാവുന്ന റൊമാന്റിക് കോമഡി ഡ്രാമാ ചിത്രമായ ' 18+ 'പ്രദർശനത്തിനൊരുങ്ങുന്നു.'ജോ ആന്റ് ജോ ' എന്ന ഹിറ്റ് ചിത്രത്തിനു ശേഷം അരുൺ ഡി ജോസ് സംവിധാനം ചെയ്യുന്ന ' 18+ ' പ്രദർശനത്തിന് ഒരുങ്ങുന്നു.യുവമനസ്സുകളുടെ പ്രസരിപ്പാർന്ന ജീവിതം പശ്ചാത്തലത്തിൽ കഥ പറയുന്ന ഈ ചിത്രത്തിൽ സോഷ്യൽ മീഡിയായിലൂടെ ഹരമായി മാറിയ സാഫ് ബ്രോസ് ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നുണ്ട്.മീനാക്ഷി ദിനേശാണ് നായിക.ബിനു പപ്പു,മാത്യു തോമസ്, രാജേഷ് മാധവൻ, മനോജ് കെ യു, ശ്യാം മോഹൻ,കുമാർ സുനിൽ,ബാബു അന്നൂർ,നിഖില വിമൽ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾഫലൂദ എന്റർടെയ്ൻമെന്റ് റീൽസ് മാജിക്ക് എന്നി ബാനറിൽ അനുമോദ് ബോസ്,മനോജ് മേനോൻ,ഡോക്ടർ ജിനി കെ ഗോപിനാഥ്,ജി പ്രജിത് എന്നിവർചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സതീഷ് കുറുപ്പ് നിർവ്വഹിക്കുന്നു.വിനായക് ശശികുമാർ,സുഹൈൽ, വൈശാഖ് സുഗുണൻ എന്നിവരുടെ വരികൾക്ക് 'മദനോത്സവം'എന്ന ചിത്രത്തിലൂടെ ഏറെ ശ്രദ്ധേയനായ ക്രിസ്റ്റോ സേവ്യർ സംഗീത സംവിധാനം നിർവഹിക്കുന്നു.എ ഡി ജെ,രവീഷ് നാഥ് എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു. എഡിറ്റർചമൻ ചാക്കോ, പശ്ചാത്തല സംഗീതംക്രിസ്റ്റോ സേവ്യർ,പ്രൊഡക്ഷൻ ഡിസൈനർനിമേഷ് താനൂർ,പ്രൊഡക്ഷൻ കൺട്രോളർഷാഫി ചെമ്മാട്,കോസ്റ്റ്യൂം ഡിസൈനർസുജിത് സി എസ്, മേക്കപ്പ്സിനൂപ്രാജ്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ശ്രീക്കുട്ടൻ ധനേശൻ, ചീഫ് അസ്സോസിയേറ്റ് ഡയറക്ടർറെജിവൻ അബ്ദുൾ ബഷീർ,ഡി ഐലിജു പ്രഭാകരൻ, സൗണ്ട് മിക്സിംഗ്വിഷ്ണു സുജാതൻ,സ്റ്റിൽസ്അർജുൻ സുരേഷ്, പരസ്യകല യെല്ലോടൂത്ത്, വിതരണംഐക്കൺ സിനിമാസ്,പി ആർ ഒഎ എസ് ദിനേശ്.

# 'ഞാൻ കർണ്ണൻ' പ്രേക്ഷകരിലേയ്ക്ക്



**കൊച്ചി :** ദാമ്പത്യജീവിതത്തിലെ സ്വരചേർച്ചകളുടെ വേറിട്ട കഥ പറയുന്ന പുതിയ ചിത്രം 'ഞാൻ കർണ്ണൻ' റിലീസിനൊരുങ്ങുന്നു. ചലച്ചിത്ര,സീരിയൽ താരവും അധ്യാപികയുമായ പ്രൊഫ: ശ്രീചിത്ര പ്രദീപ് മലയാളത്തിലെ ശ്രദ്ധേയരായ താരങ്ങളെ അണിനിരത്തി ഒരുക്കുന്ന ചിത്രമാണ് 'ഞാൻ കർണ്ണൻ'. ശ്രിയ ക്രിയേഷൻസിന്റെ ബാനറിൽ പ്രദീപ് രാജ് ആണ് ചിത്രം നിർമ്മിക്കുന്നത്. സിനിമ ഉടൻ ഒ.ടി.ടി. പ്ലാറ്റ്ഫോമിലൂടെ റിലീസ് ചെയ്യുമെന്ന് പ്രൊഫ: ശ്രീചിത്ര പ്രദീപ് അറിയിച്ചു. ചിത്രത്തിന്റെ ആദ്യ പ്രദർശനത്തിനു ശേഷം വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. മുതിർന്ന എഴുത്തുകാരൻ എം.ഡി. അപ്പനാണ് ചിത്രത്തിൻറെ കഥയും സംഭാഷണവും ഒരുക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ചെറുകഥയെ അടിസ്ഥാനമാക്കിയാണ് സിനിമ ഒരുക്കിയത്. വർത്തമാന കാല കുടുംബജീവിതത്തിലെ പ്രതിസന്ധികളും വ്യാകുലതകളുമാണ് ചിത്രത്തിൻറെ ഇതിവൃത്തമെന്ന് സംവിധായിക പറഞ്ഞു. സത്യസന്ധനും നിഷ്ക്കളങ്കനുമായ ഒരാളുടെ ജീവിതത്തിൽ സംഭവിക്കുന്ന ചില പ്രശ്നങ്ങളിലൂടെയാണ് കഥ വികസിക്കുന്നത്.കുടുംബത്തിൽ നിന്നുപോലും ഒറ്റപ്പെട്ട് ഏകാകിയായി തീരുന്ന ഒരാളുടെ അലച്ചിൽ ഈ ചിത്രം പങ്കുവയ്ക്കുന്നുണ്ട്. സസ്പെൻസും ത്രില്ലും ചേർന്ന ഒരു ഫാമിലി എൻറർടെയ്നർ കൂടിയാണ് ഈ ചിത്രം. സ്വന്തം കുടുംബത്തിൽ നിന്നുള്ള അവഹേളനങ്ങളും അസ്വാരസ്യങ്ങളും ഒരാളുടെ ജീവിതത്തിലുണ്ടാക്കുന്ന പ്രതിസന്ധികളും, ശിഥില കുടുംബബന്ധങ്ങളുടെ അവസ്ഥയും മനഃശാസ്ത്ര തലത്തിൽ ഈ ചിത്രം വിശകലനം ചെയ്യുന്നുണ്ടെന്നും പ്രൊഫ: ശ്രീചിത്ര പ്രദീപ് ചൂണ്ടിക്കാട്ടി. ടി.എസ്. രാജു, ടോണി, പ്രദീപ് രാജ്, ശ്രീചിത്രാ പ്രദീപ് തുടങ്ങിയ വലിയ താരനിര തന്നെ ചിത്രത്തിൽ അണിനിരത്തിയിട്ടുണ്ട്. വാർത്താ സമ്മേളനത്തിൽ നിർമ്മാതാവ് പ്രദീപ് രാജ്, തിരക്കഥാകൃത്ത് എം.ടി. അപ്പൻ, പി.ആർ.ഒ. പി.ആർ. സുമേരൻ എന്നിവരും സന്നിഹിതരായിരുന്നു.

# 100 ടൺ ഗോൾഡ് എക്സ്ചേഞ്ച് ആഘോഷിച്ച് തനിഷ്ക്

**കൊച്ചി:** ജുവല്ലറി ബ്രാൻഡ് ആയ തനിഷ്ക് 20 ലക്ഷത്തിലേറെ ഉപയോക്താക്കളിലൂടെ 1,00,000 കിലോഗ്രാം സ്വർണം മാറ്റിക്കൊടുക്കുക എന്ന നാഴികക്കല്ല് പിന്നിട്ടതായി ടൈറ്റൻ കമ്പനി ലിമിറ്റഡ് ജുവല്ലറി ഡിവിഷൻ സിഇഒ അജോയ് ചൗള പറഞ്ഞു.ഉപഭോക്താക്കൾക്ക് തങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റാൻ അവസരമൊരുക്കാനായാണ് തനിഷ്ക് ഗോൾഡ് എക്സ്ചേഞ്ച് പദ്ധതി പുതുക്കി അവതരിപ്പിച്ചത്. ഗോൾഡ് എക്സ്ചേഞ്ചിലൂടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ സ്വർണത്തിന് ഏറ്റവും മികച്ച മൂല്യം നൽകുകയും പഴയ സ്വർണം ആധുനിക ഡിസൈനുകളിലുള്ള പുതിയ സ്വർണമായി മാറ്റിയെടുക്കുവാൻ അവസരം നൽകുകയും ചെയ്തു.മാറിക്കൊണ്ടിരിക്കുന്ന ആവശ്യം മനസിലാക്കിയ തനിഷ്ക് തങ്ങളുടെ ഗോൾഡ് എക്സ്ചേഞ്ച് നയം പരിഷ്ക്കരിക്കുകയും ഉപഭോക്താക്കൾക്ക് മികച്ച മൂല്യം ഉറപ്പാക്കുകയും ചെയ്തു. 20 കാരറ്റും അതിന് മുകളിലുമുള്ള സ്വർണത്തിന് 100 ശതമാനം മൂല്യം നൽകിക്കൊണ്ട് ഈ പദ്ധതി രാജ്യത്തിൻറെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. ഗോൾഡ് എക്സ്ചേഞ്ച് നയം എല്ലാ തനിഷ്ക് സ്റ്റോറുകളിലും ബാധകമാണ്. വിവാഹ സീസണിലും മറ്റ് ആവശ്യങ്ങൾക്കുമായി ഉപഭോക്താക്കൾ സ്വർണം വാങ്ങാൻ പദ്ധതിയിടുന്ന വേളയിലാണിതെത്തുന്നത്. മികച്ച ആഭരണങ്ങൾ വാങ്ങാൻ ഒരുങ്ങുകയാണെങ്കിൽ പണത്തിന് ഏറ്റവും മികച്ച മൂല്യം ലഭിക്കുവാൻ ഇതു വഴിയൊരുക്കും.രണ്ട് ദശലക്ഷം ഇന്ത്യക്കാർ കൈമാറ്റം ചെയ്ത 100 ടൺ സ്വർണ്ണത്തിൻറെ ആഘോഷം വർഷങ്ങളായി ഞങ്ങൾക്ക് നൽകിയ വിശ്വാസത്തിൻറെയും വിശ്വസ്തതയുടെയും തെളിവാണെന്നും അജോയ് ചൗള പറഞ്ഞു.ഉപഭോക്താക്കൾക്ക് സൗകര്യം നൽകും വിധം ഏതു ജുവല്ലറിയിൽ നിന്നു വാങ്ങിയ പഴയ സ്വർണവും സ്വീകരിക്കുന്ന എക്സ്ചേഞ്ച് ഓഫർ തനിഷ്ക് ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ തനിഷ്ക് സ്റ്റോറുകളിലും ഈ ആനുകൂല്യം ലഭ്യമാണ്. ഗോൾഡ് പ്ലെയിൻ, ഗ്ലാസ് കുന്ദൻ, കുന്ദൻ പോൾകി, ഓപ്പൺ പോൾകി, പിജെഡബ്ലിയുഎസ്, കളർ സ്റ്റോണുകൾ തുടങ്ങി ആഭരണങ്ങളുടെ വിപുലമായ ശ്രേണികളിൽ ഈ ആനുകൂല്യം ലഭ്യമാണെന്നും അജോയ് ചൗള പറഞ്ഞു.



# അഗ്രികൾച്ചർ സയൻസ് കോൺഗ്രസിന് കൊച്ചി വേദിയാകും

**കൊച്ചി:** ഒക്ടോബർ 10 മുതൽ 13 വരെ നടക്കുന്ന 16ാമത് അഗ്രികൾച്ചറൽ സയൻസ് കോൺഗ്രസിന് കൊച്ചി വേദിയാകും. ഡൽഹിയിലെ നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസ് (നാസ്) സംഘടിപ്പിക്കുന്ന സമ്മേളനത്തിന് ഇത്തവണ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് (സിഎംഎഫ്ആർഐ) ആതിഥ്യമരുളുന്നത്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കാർഷിക ഭക്ഷ്യസംവിധാനങ്ങളുടെ പരിവർത്തനം എന്ന പ്രമേയത്തിലാണ് സമ്മേളനം.സമ്മേളനത്തിൽ ലോകമെമ്പാടുമുള്ള പ്രമുഖരായ ഗവേഷകർ, അക്കാദമിക് വിദഗ്ധർ, വിദ്യാർത്ഥികൾ, കർഷകർ, സംരംഭകർ തുടങ്ങിയവർ കാർഷികഅനുബന്ധ മേഖലകളിലെ കണ്ടെത്തലുകളും ആശയങ്ങളും അനുഭവങ്ങളും പങ്കുവെക്കും. ഭക്ഷ്യപോഷക സുരക്ഷ, കാലാവസ്ഥാവ്യതിയാനം, കാർഷിക ഉൽപാദന വ്യവസ്ഥ, ഉൽപന്നങ്ങൾ, ജനിതകസാങ്കേതികവിദ്യകൾ, മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ, അക്വാകൾച്ചർ, മത്സ്യബന്ധനം, പുത്തൻ സാങ്കേതികവിദ്യകൾ, നയരൂപീകരണം തുടങ്ങി അനേകം വിഷയങ്ങളിലുള്ള ചർച്ചകളുണ്ടാകും. പ്ലീനറികൾ, പ്രത്യേക പ്രഭാഷണങ്ങൾ, സാങ്കേതിക സെഷനുകൾ, അഗ്രി എക്സ്പോ, സിംപോസിയങ്ങൾ, പാനൽ ചർച്ചകൾ, വിദ്യാർത്ഥികൾക്കായി പ്രസംഗ മത്സരം, കർഷകരുമായും വ്യവസായികളുമായുള്ള സംവാദങ്ങൾ എന്നിവയാണ് സമ്മേളനത്തിലെ പ്രധാന ഇനങ്ങൾ.ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി 1500ലേറെ പ്രതിനിധികൾ കോൺഗ്രസിൽ പങ്കെടുക്കും. സർക്കാർ സ്വകാര്യ മേഖലകളിലെ ഗവേഷണ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും മറ്റും നൂതന കാർഷികസാങ്കേതികവിദ്യകൾ അഗ്രി എക്സ്പോയിൽ പ്രദർശിപ്പിക്കും. സമ്മേളനത്തിൽ നടക്കുന്ന പ്രസംഗമത്സരത്തിൽ കാർഷിക സർവകലാശാലകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.രജിസ്റ്റർ ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾ അറിയുന്നതിനും വെബ്സൈറ്റ് സന്ദർശിക്കുക. (www.16asc2023.in),ഇമെയിൽ: 16asc2023@gmail.com




# പുതിയ നിസാൻ മാഗ്നൈറ്റ് നിർമ്മാണം 100,000 പിന്നിട്ടു




**കൊച്ചി :** ഒരു ലക്ഷം പിന്നിട്ട് നിസാൻ മാഗ്നൈറ്റ്. ചെന്നൈയിലെ നിസ്സാന്റെ നിർമ്മാണ പ് ളാന്റിൽ മാഗ്നൈറ്റിന്റെ നിർമ്മാണം 100,000 പിന്നിട്ടതായി നിസാൻ മോട്ടോർ ഇന്ത്യ. 2020 ഡിസംബറിൽ അവതരിപ്പിച്ചത് മുതൽ എസ്യുവിയായ നിസാൻ മാഗ്നൈറ്റിന് മികച്ച പ്രതികരണമാണ് ലഭിക്കുന്നതെന്ന് റെനോ നിസ്സാൻ ഓട്ടോമോട്ടീവ് മാനേജിങ് ഡയറക്ടർ കീർത്തി പ്രകാശ് പറഞ്ഞു.ഇതിന്റെ വിവിധ മോഡലുകൾ രാജ്യത്തുടനീളം ലഭ്യമാണ്.ജപ്പാനിൽ രൂപകൽപ്പന ചെയ്തതും ഇന്ത്യയിൽ നിർമ്മിക്കുന്നതുമായ മാഗ്നൈറ്റ് ബംഗ്ലാദേശ്, ഉഗാണ്ട ഉൾപ്പെടെ 15 ആഗോള വിപണികളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. പുതിയ ഫീച്ചറുകളോട് കൂടിയ നിസ്സാൻ മാഗ്നൈറ്റിന്റെ സ്പെഷ്യൽ എഡിഷനായ ഗെസ്സ മെയ് മാസത്തിൽ ഇന്ത്യയിൽ പുറത്തിറക്കിയിരുന്നു.100,000 ാമത്തെ മാഗ്നൈറ്റിന്റെ നിർമ്മാണം സാധ്യമായത് ഉപഭോക്താക്കൾക്ക് ഉയർന്ന മൂല്യവും സുരക്ഷയും ശക്തവുമായ ഉൽപ്പന്നങ്ങൾ നൽകുമെന്ന നിസാൻ ബ്രാൻഡിന്റെ വാഗ്ദാനത്തിന്റെ സാക്ഷ്യമാണെന്നും നിസാനിൽ, കാറുകൾ നിർമ്മിക്കുന്നത് മാത്രമല്ല ഉൽപ്പന്ന നവീകരണം, സാങ്കേതിക വ്യത്യാസം, കൂടാതെ മൊബിലിറ്റിയുടെ ഭാവി കെട്ടിപ്പടുത്തി ഉപഭോക്തൃ സംതൃപ്തി ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൂടിയുണ്ടെന്നും നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രാകേഷ് ശ്രീവാസ്തവ പറഞ്ഞു. ഉപഭോക്താക്കൾ പ്രതീക്ഷിക്കുന്ന ഉയർന്ന ഗുണനിലവാരവും സുരക്ഷയുമാണ് നിസ്സാൻ നൽകുന്നതെന്ന് കീർത്തി പ്രകാശ് പറഞ്ഞു.

# ഇന്ത്യയും സ്വീഡനും കൈകോർത്ത് സ്മാർട്ട് ഫാമിങ്

## സുസ്ഥിര ഭക്ഷ്യ ഉൽപ്പാദന സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് പുതിയ തുടക്കം




**കൊച്ചി:** ഇന്ത്യയും സ്വീഡനും ഉഭയകക്ഷി ഊർജ, പരിസ്ഥിതി ധാരണാപത്രം ഒപ്പുവെച്ചത് പ്രകാരം സ്മാർട്ട് ഫാമിന് തുടക്കമിട്ടു. ചെറുകിട കൃഷിക്കായി ജലത്തിന്റെ അമിത ഉപയോഗവും ഫോസിൽ ഇന്ധനത്തെ ആശ്രയിക്കുന്നത് കുറക്കാനും ലക്ഷ്യമിട്ടാണ് സ്മാർട്ട് ഫാം തുടങ്ങിയത്. സുസ്ഥിര ഭക്ഷ്യ ഉൽപ്പാദന സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് പുതിയ തുടക്കം. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോളാർ എനർജി പരിസരത്താണ് സ്മാർട്ട് ഫാം തുടങ്ങിയിരിക്കുന്നത്. സ്വീഡിഷ് ഗ്രീൻ ടെക് എഞ്ചിനീയറിങ് കമ്പനിയായ സ്പൗഡിയുടെ മികച്ച സാങ്കേതിക വിദ്യയാണ് ഇതിലുപയോഗിച്ചിരിക്കുന്നത്. ചെറുകിട കൃഷിക്കുള്ള നൂതന സാങ്കേതികവിദ്യകളെക്കുറിച്ച് പഠിക്കാൻ താൽപ്പര്യമുള്ള കർഷകർക്ക് ഇവിടെ പഠനം നടത്താനും കഴിയും. പതിനായിരക്കണക്കിന് ചെറുകിട കർഷകരിലേക്ക് സ്മാർട്ട് ഫാമിംഗ് എത്തിക്കുന്നതിനായി വാട്ടർ ഡ്രോപ്പ് ഇനിഷ്യേറ്റീവ് എന്ന സംരംഭത്തിനും ഇതോടൊപ്പം തുടക്കം കുറിച്ചു.കാലാവസ്ഥാ പ്രശ്നങ്ങൾ സംയുക്തമായി പരിഹരിക്കുന്നതിന് ഇന്ത്യയുമായി ചേർന്ന് പ്രവർത്തിക്കാൻ സ്വീഡൻ പ്രതിജ്ഞാബദ്ധമാണെന്ന് സ്വീഡന്റെ ട്രേഡ് ആൻഡ് ഇൻവെസ്റ്റ് കമ്മീഷണറും ദക്ഷിണേഷ്യയിലെ ബിസിനസ് സ്വീഡൻ മേധാവിയുമായ മിസ് സിസിലിയ ഓസ്കാർസൺ പറഞ്ഞു. അത്യാധുനിക സാങ്കേതിക വിദ്യകളും പരിസ്ഥിതി സൗഹൃദ സമ്പ്രദായങ്ങളും സ്വീകരിക്കുന്നതിലൂടെ നമുക്ക് കാർഷിക ഭൂപ്രകൃതിയിൽ വിപ്ലവം സൃഷ്ടിക്കാൻ കഴിയുമെന്ന് ഇന്ത്യാ ഗവൺമെന്റ് ഓഫ് ന്യൂ ആൻഡ് റിന്യൂവബിൾ എനർജി (എംഎൻആർഇ) ജോയിന്റ് സെക്രട്ടറി ലളിത് ബൊഹ്റ പറഞ്ഞു. സ്മാർട്ട് ഫാമിംഗ് രീതികൾക്കും നൂതന സാങ്കേതികവിദ്യകൾക്കും ഇന്ത്യയിലെ ചെറുകിട കർഷകരെ ശാക്തീകരിക്കാൻ കഴിയും, അവരിൽ പലരും സ്ത്രീകളാണ്, വർദ്ധിച്ച വിളവെടുപ്പും ഉയർന്ന ലാഭവും മെച്ചപ്പെട്ട ഉപജീവനവും നേടാൻ സ്മാർട്ട് ഫാമിംഗ് സഹായിക്കുമെന്ന് സ്പൗഡി സിഇഒ ഹെന്റിക് ജോഹാൻസൺ പറഞ്ഞു.

# ഫാർമേഴ്സ് ഫ്രഷ് സോൺ യുഎൻ ആക്സിലറേറ്റർ പ്രോഗ്രാമിൽ

**കൊച്ചി:** ഐക്യരാഷ്ട്രസഭയുടെ ഫുഡ് ആൻഡ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷന്റെ ആക്സിലേറ്റർ പ്രോഗ്രാമിന് കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പായ ഫാർമേഴ്സ് ഫ്രഷ് സോൺ തെരഞ്ഞെടുക്കപ്പെട്ടു.അഗ്രിഫുഡ് സ്റ്റാർട്ടപ്പുകളുടെ ബിസിനസ് വികസനത്തിന് സഹായിക്കുന്നതിനൊപ്പം ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്ക് സംഭാവന നൽകുന്നതിനായാണ് എസ്ഡിജി അഗ്രിഫുഡ് ആക്സിലറേറ്റർ പരിപാടിക്ക് തുടക്കം കുറിച്ചത്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള 12 സ്റ്റാർട്ടപ്പുകളെയാണ് ആക്സിലറേറ്റർ പരിപാടിയിലേക്ക് തെരഞ്ഞെടുത്തത്. ഇതിൽ ഇന്ത്യയിൽ നിന്നും അവസരം ലഭിച്ച രണ്ട് സ്റ്റാർട്ടപ്പുകളിൽ ഒന്നാണ് മലയാളിയായ പ്രദീപ് പി.എസ് നേതൃത്വം നൽകുന്ന ഫാർമേഴ്സ് ഫ്രഷ് സോൺ.പ്രാദേശിക ഉത്പാദനവും പ്രാദേശിക ഉപഭോഗവും എന്നതിനെ ആസ്പദമാക്കി ഫാം ടു ഫോർക്ക് ആസ് സാസ് എന്ന ആശയത്തിലൂടെ ഭക്ഷണം പാഴാക്കാതെ കാർബൺ ബഹിർഗമനം കുറയ്ക്കുന്ന സസ്റ്റെയ്നബിൾ വേ ഓഫ് ഡൂയിങ് ബിസിനസ് മോഡൽ അവതരിപ്പിച്ചതിനാണ് ഫാർമേഴ്സ് ഫ്രഷ് സോണിനെ തെരഞ്ഞെടുത്തത്.ഈ മോഡൽ മറ്റു ലോകരാജ്യങ്ങളിൽ അവതരിപ്പിക്കാനും അവിടത്തെ വിപണിക്കനുസരിച്ച് മാറ്റങ്ങൾ വരുത്താനും ആവശ്യമായ സാമ്പത്തികവും അല്ലാത്തതുമായ വിദഗ്ധോപദേശവും ആക്സിലറേറ്റർ പ്രോഗ്രാമിൻറെ ഭാഗമായി ലഭിക്കുമെന്ന് ഫാർമേഴ്സ് ഫ്രഷ് സോൺ ഫൗണ്ടർ പ്രദീപ് പി.എസ് പറഞ്ഞു.ഐക്യരാഷ്ട്ര സഭയുടെ സീഡ് ലോ കാർബൺ അവാർഡിന് ഫാർമേഴ്സ് ഫ്രഷ് സോൺ നേരത്തെ പരിഗണിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ നാല് ജില്ലകളിലായി മൂന്നു ലക്ഷത്തിലധികം ഉപഭോക്താക്കളും രണ്ടായിരത്തിലധികം കർഷകരും ഫാർമേഴ്സ് ഫ്രഷ് സോണിൻറെ ഭാഗമാണ്.ജൂലൈയിൽ റോമിൽ നടക്കുന്ന ചടങ്ങിൽ ഫാർമേഴ്സ് ഫ്രഷ് സോണിനെ പ്രതിനിധീകരിച്ച് പ്രദീപ് പി.എസ് പങ്കെടുക്കും.

# സസ്യാധിഷ്ഠിത പാൽ, പോഷക ഉൽപ്പന്നങ്ങളുമായി സിന്തൈറ്റിന്റെ 'പി ഫുഡ്സ്'

**കൊച്ചി:** മൂല്യവർധിത സുഗന്ധവ്യഞ്ജനങ്ങൾ, ഒലിയോറെസിൻസ് തുടങ്ങിയവയുടെ മുൻനിര കയറ്റുമതിക്കാരായ സിന്തൈറ്റ് സസ്യാധിഷ്ഠിത പോഷകങ്ങളുടെയും സസ്യ പ്രോട്ടീനുകളുടെയും ഉൽപാദന, വിപണനരംഗത്തേക്ക് കടക്കുന്നു. പിഫുഡ്സ് എന്ന ഫുഡ്ടെക് കമ്പനിയിലൂടെയാണ് പുതുരംഗത്തേക്കുള്ള ചുവടുവെപ്പ്. ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, അമേരിക്കൻ കമ്പനിയായ പിമെഡ്സ് എന്നിവയുമായി ചേർന്നുള്ള സംയുക്തസംരംഭമാണ് പിഫുഡ്സ്. കമ്പനി പുതുതായി വികസിപ്പിച്ചെടുത്ത പാലിനു പകരമുള്ള സസ്യാധിഷ്ഠിത ഉൽപ്പന്നം ജസ്റ്റ് പ്ലാന്റ്സ് ബ്രാൻഡിലും പ്രോട്ടീൻ ഹെൽത്ത് ഡ്രിങ്ക് പൗഡർ പ്ലോട്ടീൻ എന്ന ബ്രാൻഡിലും വിപണിയിലെത്തി. കടയിരുപ്പിലെ സിന്തൈറ്റ് ആസ്ഥാനത്തു നടന്ന ചടങ്ങിൽ സിന്തൈറ്റ് എംഡി ഡോ. വിജു ജേക്കബ്, ജോയിന്റ് മാനേജിംഗ് ഡയറക്ടർ അജു ജേക്കബ്, പിഫുഡ്സ് ഡയറക്ടർ ജോ ഫെൻ തുടങ്ങിയവർ പങ്കെടുത്തു.പാലിനും മറ്റ് പാലുൽപ്പന്നങ്ങൾക്കും പകരം വെയ്ക്കാവുന്ന കൂടുതൽ ആരോഗ്യപ്രദവും പരിസ്ഥിതി സൗഹൃദവും രുചികരവും ഉൽപ്പാദനച്ചെലവു കുറഞ്ഞതുമായ സസ്യാധിഷ്ഠിത ബദലുകൾ വികസിപ്പിക്കുകയാണ് പി ഫുഡ്സിന്റെ പ്രധാന ലക്ഷ്യമെന്ന് സിന്തൈറ്റ് ഇൻഡസ്ട്രീസ് മാനേജിംഗ് ഡയറക്ടർ ഡോ വിജു ജേക്കബ് പറഞ്ഞു . ഇത്തരത്തിൽ വികസിപ്പിച്ച 'ജസ്റ്റ് പ്ലാന്റ്സ്', 'പ്ലോട്ടീൻ' എന്നീ ഉൽപ്പന്നങ്ങളാണ് വിപണിയിലെത്തിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ ആമസോണിലും ബിഗ് ബാസക്റ്റിലുമാണ് ഉൽപ്പന്നങ്ങൾ ലഭ്യമാക്കിയിരിക്കുന്നത്. ബാംഗ്ലൂരിൽ കോർപ്പറേറ്റ് രംഗത്തും വൻകിട മാളുകളിലും ഉൽപ്പന്നങ്ങളെത്തിയിട്ടുണ്ട്.ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചാണ് കൊച്ചിയിലെ വിപണനോദ്ഘാടനച്ചടങ്ങ് നടന്നത്. സംരംഭത്തിനാവശ്യമായ മുഴുവൻ ചേരുവകളും ഇന്ത്യയിൽ നിന്ന് തന്നെ കണ്ടെത്തുമെന്ന് സിന്തൈറ്റ് ജോയിന്റ് മാനേജിംഗ് ഡയറക്ടർ അജു ജേക്കബ് പറഞ്ഞു.ചായ, കാപ്പി, ഹോട്ട് ചോക്ലേറ്റ് എന്നിവയിൽ പാലിനു പകരമുപയോഗിക്കാവുന്ന സസ്യാധിഷ്ഠിത ബദലാണ് ജസ്റ്റ് പ്ലാന്റ്സ്. ആന്റിബയോടിക്സ്, കൊളസ്ടോൾ, ലാക്റ്റോസ്, മൃഗക്കൊഴുപ്പ് എന്നിവയടങ്ങിയിട്ടില്ലാത്ത ഈ ഉൽപ്പന്നം ആരോഗ്യദായകമാണ്. കാൽഷ്യം, വൈറ്റമിൻ ഡി, ബി12 എന്നിവ ചേർത്ത് ജസ്റ്റ് പ്ലാന്റ്സ് സമ്പുഷ്ടമാക്കിയിട്ടുണ്ടെന്നും പിഫുഡ്സ് ഡയറക്ടർ ജോ ഫെൻ പറഞ്ഞു.മൃഗങ്ങളിൽ നിന്ന് ഒരു ലിറ്റർ പാലുൽപ്പാദിപ്പിക്കുമ്പോൾ 3.4 കിലോ ഗ്രാം കാർബൺ ബഹിർഗമനമുണ്ടാകുമ്പോൾ ജസ്റ്റ് പ്ലാന്റ്സിന്റെ കാര്യത്തിൽ ഇത് 0.15 കിലോ ഗ്രാം മാത്രമാണ്.ഒരു ലിറ്ററിന്റെയും 200 മില്ലി ലിറ്ററിന്റെയും ടെട്രാ പാക്കുകളിൽ ഈ ഉൽപ്പന്നം ലഭ്യമാണ്. വീഗൻ ബേക്കിംഗിനും വീഗൻ ഡെസേർട്ടുകൾക്കും ഇതുപയോഗിക്കാം.പയറിലും പരിപ്പിലും അടങ്ങിയിട്ടുള്ള ഒമ്പത് തരം അമിനോ ആസിഡുകൾ ഒന്നിച്ചു ലഭ്യമാകുന്ന സസ്യപോഷക മിശ്രിതമാണ് 'പ്ലോട്ടീൻ'. റെഡി റ്റു ഡ്രിങ്ക് വീഗൻ പ്രോട്ടീൻ ഷേക്കിലടക്കം ഇതുപയോഗിക്കാം. പതിനഞ്ച് ഗ്രാമിന്റെ സാഷേകളിലാണ് പ്ലോട്ടീൻ പുറത്തിറക്കുന്നത്. ഓരോ സാഷേയും ഒരു മുട്ടക്ക് തുല്യമായ പോഷകങ്ങൾ പ്രദാനം ചെയ്യുന്നു.അരി, കാരറ്റ്, ആപ്പ്ൾ, വാഴപ്പഴം, മഞ്ഞപ്പയർ, പാം സീഡ്സ് എന്നിവയിൽ നിന്നാണ് ജസ്റ്റ് പ്ലാന്റ്സ് ഉൽപ്പാദിപ്പിക്കുന്നതെങ്കിൽ പയർ, പരിപ്പുവർഗങ്ങൾ (ലെന്റിൽസ്), കൊക്കോ എന്നിവ ഉപയോഗിച്ചാണ് പ്ലോട്ടീൻ നിർമിക്കുന്നത്.ഓഫീസുകളിൽ സ്ഥാപിച്ചിരിക്കുന്ന വെൻഡിംഗ് മെഷീനിലൂടെ ചായയും കാപ്പിയും വിതരണം ചെയ്യുന്ന കോർപറേറ്റ് സ്ഥാപനങ്ങളെയാണ് സംരംഭം പ്രധാനമായും ലക്ഷ്യമിടുന്നത്. ജസ്റ്റ് പ്ലാന്റ്സ് 1 ലിറ്ററിന്റേയും 200 മില്ലിയുടേയും പാക്കുകളിലും പ്ലോട്ടീൻ 15 ഗ്രാമിന്റെ സാഷേകളിലുമാണ് വിപണിയലെത്തിയിരിക്കുന്നത്.






# അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗും (സി ആപ്റ്റ്) സംയുക്തമായി ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.റ്റി. ഇ. പ്രീപ്രസ്സ് ഓപ്പറേഷൻ, ആന്റ് കെ.ജി.റ്റി.ഇ പ്രസ്സ് വർക്ക് 2022 2023 അധ്യയന വർഷം ആരംഭിക്കുന്ന കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ എസ്. എസ്. എൽ. സി പാസായിരിക്കണം. കോഴ്സിൽ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗങ്ങൾക്ക് നിയമാനുസൃത ഫീസ് ആനുകൂല്യം ലഭിക്കും. ഒ.ബി.സി./എസ്.ഇ.ബി.സി. മറ്റ് മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാനപരിധിക്കു വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.അപേക്ഷാഫോറം, പ്രോസ്പെക്ടസ് എന്നിവ സെന്ററിന്റെ പരിശീലന വിഭാഗത്തിൽ നിന്ന് 100 രൂപക്ക് നേരിട്ടും, 135 രൂപയുടെ മണി ഓർഡറായി ഓഫീസർ ഇൻ ചാർജ്, കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ്, ഗവ. എൽ.പി. സ്കൂൾ കാമ്പസ്, തോട്ടക്കാട്ടുകര പി.ഒ., ആലുവ 683108 എന്ന വിലാസത്തിൽ അയച്ചാൽ തപാൽ മാർഗ്ഗവും ലഭ്യമാകും. വിശദവിവരങ്ങൾ പരിശീലന വിഭാഗത്തിലെ (0484 2605322, 9605022555) ഫോൺനമ്പറുകളിൽ ലഭ്യമാകും. പൂരിപ്പിച്ച അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂൺ 19.

# രാത്രി ഡാറ്റാ പ്ലാനുകളുമായി 'വി' ഷോട്ടാ ഹീറോ

**കൊച്ചി:** വി ഉപഭോക്താക്കൾക്ക് അർധരാത്രി മുതൽ രാവിലെ ആറു മണി വരെ പരിധികളില്ലാതെ ഡാറ്റ ഉപയോഗിക്കാൻ അവസരം നൽകുന്ന 17 രൂപയുടേയും 57 രൂപയുടേയും രണ്ടു പുതിയ പ്ലാനുകൾ അവതരിപ്പിച്ചു. 'വി ' ഷോട്ടാ ഹീറോ എന്ന പേരിലുള്ള ഈ പ്ലാനുകൾ ഹൈബ്രിഡ് തൊഴിൽ സംസ്ക്കാരവുമായി മുന്നോട്ടു പോകുന്ന ഉപഭോക്താക്കൾക്ക് ഡാറ്റാ പരിധി അവസാനിക്കും എന്ന ആശങ്കയില്ലാതെ മുന്നോട്ടു പോകാൻ സഹായകമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.17 രൂപയുടെ പ്ലാനിൽ അർധരാത്രി മുതൽ രാവിലെ ഏഴു വരെ ഒരു ദിവസത്തേക്കും 57 രൂപയുടെ പ്ലാനിൽ ഏഴു ദിവസത്തേക്കും ഈ ആനുകൂല്യം ലഭിക്കും. വി ഉപഭോക്താക്കൾക്ക് വി ആപ്പ് .https://www.myvi.in/vi-app വഴി ഈ പ്ലാനുകൾ നേടാം.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com